No/11/2019/SRG/LSGD(8)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ന് കൂടിയ യോഗത്തിന്റെ നടപടിവിവരം

യോഗം ഉച്ചകഴിഞ്ഞ് 2.30-ന് സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ വാർഷിക പദ്ധതി പുരോഗതി - അവലോകനം

25.02.2020 വരെയുള്ള ആകെ പദ്ധതി ചെലവ് 44.46 ശതമാനമാണ്. ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ കൂടി ചേർത്താൽ ഇത് 59.01ശതമാനമാണ്. ഏറ്റവും കൂടുതൽ പദ്ധതി ചെലവ് ഇടുക്കി ജില്ലയിലും (50.95 %) ഏറ്റവും കുറവ് തിരുവനന്തപുരം ജില്ലയിലുമാണ് (40.25 ശതമാനം). 1042.93 കോടി രൂപയുടെ 39709 ബില്ലുകൾ ട്രഷറിയിൽ പെൻഡിംഗ് ആയി ഉണ്ട്. മെയിന്റനൻസ് ഗ്രാന്റ് കൂടി ചേർത്താൽ ആകെ 1418.36 കോടി രൂപയുടെ 52104 ബില്ലുകളാണ് ട്രഷറിയിൽ പെന്റിംഗ് ആയി ഉള്ളത്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**തദ്ദേശഭരണ സ്ഥാപനം തിരിച്ചുള്ള ചെലവ് വിവരം**

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | 50.68% |
| ബ്ലോക്ക് പഞ്ചായത്ത് | 48.78% |
| ജില്ലാ പഞ്ചായത്ത് | 34.71% |
| മുനിസിപ്പാലിറ്റി | 37.75% |
| കോർപ്പറേഷൻ | 32.52% |
| **ആകെ** | **44.46%ശതമാനം** |

**ജില്ല തിരിച്ചുള്ള ചെലവ് വിവരം**

| | | |
|---|---|---|
| 1 | ഇടുക്കി | 50.95% |
| 2 | പത്തനംതിട്ട | 50.17% |
| 3 | പാലക്കാട് | 47.33% |
| 4 | വയനാട് | 46.93% |
| 5 | കണ്ണൂർ | 46.49% |
| 6 | കൊല്ലം | 45.41% |
| 7 | തൃശ്ശൂർ | 44.14% |

| | | |
|---|---|---|
| 8 | മലപ്പുറം | 44.13% |
| 9 | കോഴിക്കോട് | 44.01% |
| 10 | കോട്ടയം | 43.96% |
| 11 | ആലപ്പുഴ | 42.5% |
| 12 | എറണാകുളം | 41.98% |
| 13 | കാസർഗോഡ് | 41.8% |
| 14 | തിരുവനന്തപുരം | 40.25% |

**പൊതു വിഭാഗം, SCSP,TSPയുടെ ചെലവ് ശതമാനം താഴെപ്പറയും പ്രകാരമാണ്.**

| ജനറൽ | SCSP | TSP |
|---|---|---|
| 54.37% | 42.54% | 43.54% |

## 2. മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

### 2.1 26.09.2019 ലെ കോർഡിനേഷൻ കമ്മിറ്റിയിലെ തുടർനടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.1(3.1.7)**

2019-20-ൽ തെരഞ്ഞെടുത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനും ചില കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ പ്രവർത്തനം ആഴ്ചയിലെ 7 ദിവസവും 24 മണിക്കുറാക്കാനും നാഷണൽ ഹെൽത്ത് മിഷൻ (NHM) ലക്ഷ്യമിടുന്നു. ഇപ്രകാരം ആകെ 504 കേന്ദ്രങ്ങളാണുള്ളത് (പ്രാഥമികാരോഗ്യകേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും ചേർത്ത്). ഇതിന്റെ നിർമ്മാണ പ്രവർത്തനം NHM- ആണ് നടത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക തുക ചെലവഴിക്കാൻ തയ്യാറാണെങ്കിൽ ഈ വിഹിതം NHM -ന് ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകിയിരുന്നു. ഇതിന് ധനവകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടെന്നും ട്രഷറികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ധനവകുപ്പ് അഡീഷണൽ സെക്രട്ടറി അറിയിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി)വകുപ്പ്**
**2) ധനവകുപ്പ്**

### 2.2 06.12.2019-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.2(3.4)** സംയുക്ത പ്രോജക്ടുകളിൽ മുഖ്യ നിർവഹണ സ്ഥാപനത്തിന് പണം നൽകുന്ന സ്ഥാപനം അലോട്ട്മെന്റ് നൽകുന്നതിനു പകരം ചില ജില്ലകളിൽ സ്പെഷ്യൽ റ്റി.എസ്. ബി. അക്കൗണ്ടിലേയ്ക്ക് തുക മാറി നൽകി. എന്നാൽ ഇപ്പോൾ ഈ തുക സ്പെഷ്യൽ റ്റി.എസ്.ബി.യിൽ നിന്ന് പിൻവലിക്കാൻ ട്രഷറികൾ അനുവദിക്കുന്നില്ല. അതിനാൽ ലൈഫ് അടക്കമുള്ള ഗുണഭോക്താക്കൾക്ക് തുക നൽകാൻ കഴിയുന്നില്ല. ഇത് പ്രത്യേകമായി പരിഗണിച്ച് ഇത്തരം കേസുകളിൽ മാത്രം തുക പിൻവലിക്കുന്നതിനും ചെലവഴിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്നത് സംബന്ധിച്ച് ഫയൽ ധനവകുപ്പിന് നൽകിയിരുന്നു.

താഴെപ്പറയുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി നൽകണമെന്ന് ധനവകുപ്പ് അഡീഷണൽ സെക്രട്ടറി യോഗത്തിൽ അറിയിച്ചു.

1) ട്രഷറികളുടെ പേര്
2) TSB അക്കൗണ്ട് നമ്പർ
3) പ്രോജക്ടുകളുടെ പേര്, തുക
4) ഫണ്ട് ഇനം
5) തുക ഡെപ്പോസിറ്റ് ചെയ്ത വർഷം

ഈ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ധനവകുപ്പിന് നൽകുന്ന മുറയ്ക്ക് തുക മാറുന്നതിനുള്ള ക്രമീകരണം ധനവകുപ്പ് ചെയ്യും. ഈ വിവരങ്ങൾ

ധനവകുപ്പിന് നൽകാൻ നടപടി സ്വീകരിക്കണം. ഇത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും വകുപ്പമേധാവികൾ അറിയിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ധന വകുപ്പ്**
**3) പഞ്ചായത്ത് ഡയറക്ടർ**
**4) നഗരകാര്യ ഡയറക്ടർ**
**5) ഗ്രാമവികസന കമ്മീഷണർ**

## 2.2(4.44) മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 22.10.2019-ലെ കത്ത് (SRG 1029/19 - LSGD - DB4 - 276/19/LSGD)**

***പ്രോ.നം. 2006/20*** ***അടങ്കൽ - 10,00,000/- രൂപ***
***(തനത് ഫണ്ട്)***

***പേര് - ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലൈഫ് എക്സ് പിരിയൻസ് പാർക്ക്***

ജില്ലയിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അവരുടെ ശേഷി വർദ്ധിപ്പിക്കാനും പൊതുവായ കാര്യങ്ങളിൽ സാമാന്യമായ അറിവ് നേടിക്കൊടുക്കുന്നതിനും സഹായകരമായ ലൈഫ് എക്സ്പീരിയൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ജില്ലാ ആസൂത്രണസമിതിയും വെറ്റിംഗ് ഓഫീസറും അംഗീകാരം നൽകിയ പ്രോജക്ടാണ്. വളാഞ്ചേരിക്കടുത്ത് പുറമണ്ണൂർ എന്ന സ്ഥലത്ത് സന്നദ്ധ സംഘടന നടത്തുന്ന സർക്കാർ അംഗീകാരമുള്ള VKM സ്പെഷ്യൽ സ്കൂളിലാണ് ഇത് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ഇതു പരിശോധിച്ച് സാമൂഹ്യ നീതി ഡയറക്ടർ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ റിപ്പോർട്ട് നൽകണം

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്**

## 2.2(4.60) പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.11.2019-ലെ കത്ത് (SRG/989/19/ CC/723/19)**

***പ്രോ.നം 168/20*** ***അടങ്കൽ 14,00,000/- രൂപ***
***(വികസനഫണ്ട് -SCP - 7,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം - 7,00,000/- രൂപ)***

***പേര് - അയ്യങ്കാളി മാതൃകാ കോളനി - എം.ജി. കാവ്***
***ഉദയനഗർ കെൽട്രോൺ പട്ടികജാതി കോളനി***

സമ്പൂർണ്ണ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി മുളങ്കുന്നത്തുകാവ് ഉദയനഗർ കെൽട്രോൺ കോളനിയിൽ സമ്പൂർണ്ണ സൗരോർജ്ജ വൈദ്യുതീകരണ പദ്ധതി നടപ്പാക്കാനുള്ള പ്രോജക്ട്. 50 ശതമാനം ഗുണഭോക്തൃ വിഹിതമുൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. യൂണിറ്റ് ചെലവ് 35,000/- രൂപയാണ്. എന്നാൽ ഇത് 100 ശതമാനം സബ്സിഡിയോടെ നടപ്പാക്കാൻ അനുമതി സംബന്ധിച്ച്. ഇവിടെ 51 ശതമാനത്തിലധികം പട്ടികജാതി/പട്ടികവിഭാഗക്കാരാണെന്നും വൈദ്യുതി

അടക്കം അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെന്നും പട്ടികജാതി വികസന ഡയറക്ടറുടെ പ്രതിനിധി അറിയിച്ചു.

**തീരുമാനം** - ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം നിരസിച്ചു. വൈദ്യുതിയുള്ള കുടുംബങ്ങൾക്ക് (വ്യക്തിഗതം) സൗരോർജ്ജ വൈദ്യുതീകരണം നൽകേണ്ടതില്ല എന്നാൽ വൈദ്യുതീകരിക്കാത്ത കുടുംബങ്ങൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നിരക്കിൽ നൽകാം. പൊതു സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റ് എന്ന നിലയിൽ സൗരോർജ്ജ വിളക്ക് ഗുണഭോക്തൃ വിഹിതം ഇല്ലാതെ നടപ്പാക്കാം.

**നടപടി:- ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്**

## 2.3 28.01.2020-ലെ കോഓർഡിനേഷൻ കമ്മിറ്റിയിലെ തുടർ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ

**2.3 (3.1)(viii)**

കന്നുകുട്ടി പരിപാലനത്തിന്റെ ഭാഗമായി മൃഗ സംരക്ഷണ വകുപ്പ് കാലിത്തീറ്റ നൽകുന്നുണ്ട്. മൃഗസംരക്ഷണ വകുപ്പ് കേരള ഫീഡ്സിൽ നിന്ന് കാലിത്തീറ്റ മൊത്തമായി വാങ്ങി വിതരണം ചെയ്യുന്ന രീതിയാണ് നിലനിൽക്കുന്നത്. എന്നാൽ ധനവകുപ്പിന്റെ ഉത്തരവ് പ്രകാരം ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണ് പോകേണ്ടത്. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കാലിത്തീറ്റിയ്ക്കുള്ള തുക മൃഗ സംരക്ഷണ വകുപ്പിന് കൈമാറാനുള്ള (Deposit) ബിൽ ട്രഷറികളിൽ പാസാക്കുന്നില്ല. ഈ പ്രശ്നം പരിഹരിക്കാൻ ഇടപെടണമെന്ന് ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചിരുന്നു. ഫയൽ ധനവകുപ്പിന് നൽകി.

**നടപടി:- 1)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**
**ധനവകുപ്പ്**

**2.3(3.3)** ജില്ലാ ആസൂത്രണസമിതി അംഗങ്ങൾക്ക് ഒരു ജില്ലാ ആസൂത്രണസമിതി യോഗത്തിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീയും യാത്രാ ബത്തയും ചേർത്ത് 1000 രൂപ നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റാണ് ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷൻ. എന്നാൽ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന് സിറ്റിംഗ് ഫീയും യാത്രാ ബത്തയും നൽകുന്നില്ല. ജില്ലാ ആസൂത്രണസമിതി ചെയർമാൻ മറ്റു പല കമ്മിറ്റി കളുടേയും അദ്ധ്യക്ഷൻ കൂടിയാണ്. ഈ സാഹചര്യത്തിൽ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ എന്ന നിലയിൽ ജില്ലാ ആസൂത്രണസമിതി യോഗത്തിൽ അടക്കം വിവിധ കമ്മിറ്റികളിൽ പങ്കെടുക്കുന്നതിന് സിറ്റിംഗ് ഫീ എന്ന നിലയിൽ 15,000/-രൂപ ധനവകുപ്പിന്റെ അനുമതിയോടെ നൽകുന്നതിനു തീരുമാനിച്ചിരുന്നു ഇത് സംബന്ധിച്ച ഫയൽ ധനവകുപ്പിന് നൽകിയിട്ടുണ്ട്.

**നടപടി :-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2)ധനവകുപ്പ്**

**2.3(3.6)** സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം സാമൂഹ്യ നീതി ഡയറക്ടറും കുടുംബശ്രീയും പ്രത്യേകം പരിശോധിക്കണം. നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പോലും ജീവനക്കാർക്ക് ഓണറേറിയം മുടങ്ങുന്നതടക്കമുള്ള പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട് എന്ന് യോഗം വിലയിരുത്തി. ഇവ പരിശോധിച്ച് പ്രത്യേക ഇടപെടൽ വകുപ്പുതലത്തിൽ നടത്തണം. ഒപ്പം തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തേണ്ടവ സംബന്ധിച്ച ലിസ്റ്റ സഹിതം അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം.

**നടപടി :- 1) സാമൂഹ്യനീതി ഡയറക്ടർ**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 2.3 (4.25) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 04.11.2019-ലെ കത്ത് ( 2 എണ്ണം) ശുചിത്വ മിഷൻ എറണാകുളം ജില്ലാ കോഓർഡിനേറ്ററുടെ 19.10.2019-ലെ 700/ SBM/SLWM/2019 - ോം നമ്പർ കത്തും ( SRG 948/19 - CC /470/2019/)**

***പ്രോ.നം.110/19 അടങ്കൽ 10,00,000/- രൂപ***
***(കേന്ദ്രാവിഷ്കൃത വിഹിതം)***

***പേര്:-പഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂളുകൾക്ക് ഖരദ്രവ മാലിന്യ സംസ്കരണ പദ്ധതികൾ***

ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച ഈ പ്രോജക്ട് ശുചിത്വ മിഷന്റെ സർവീസ് പ്രൊവൈഡറായ 'പ്രകൃതി ആലുവ' എന്ന ഏജൻസി മുഖേന സ്കൂളുകളിൽ നടപ്പാക്കി. എന്നാൽ ശുചിത്വ മിഷനിൽ നിന്നും സാങ്കേതികാനുമതി വാങ്ങിയിരുന്നില്ല. അതിനാൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വീഴ്ച മാപ്പാക്കി തുക വിനിയോഗിക്കാൻ അനുമതി സംബന്ധിച്ച് . ഇതു പരിശോധിച്ച് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് നൽകി.

ശുചിത്വ മിഷന്റെ സാങ്കേതികാനുമതി വാങ്ങാതെയാണ് ഇതു നടപ്പാക്കിയത്. എന്നാൽ സ്കൂളുകളിൽ സ്ഥാപിച്ച യൂണിറ്റുകൾ മികച്ച രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഇതു സംബന്ധിച്ച് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 2.3(4.51 ) പിറവം മുനിസിപ്പാലിറ്റി

**എറണാകുളം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2020 -ലെ കത്തും പിറവം മുനിസിപ്പൽ ചെയർമാന്റെ 05.01.20-ലെ കത്തും പിറവം മുനിസിപ്പാലിറ്റി അസിസ്റ്റന്റ് എഞ്ചിനീയറുടെ 14.01.20-ലെ കുറിപ്പും ( SRG 50/20,72/20 CC 8/20)**

2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിമറ്റത്തിൽപ്പടി ഫാം റോഡ് എന്ന പ്രവൃത്തി ഏറ്റെടുത്തിരുന്നു. അടങ്കൽ 15,00,000/- രൂപ ( വികസനഫണ്ട് 9,95,000/- രൂപയും തനത് ഫണ്ട് 5,05,000/- രൂപയും) ഇത് ഗുണഭോക്തൃ സമിതി കൺവീനർ മുഖേന നടപ്പാക്കാനാണ് തീരുമാനിച്ചിരുന്നത്. എസ്റ്റിമേറ്റ് പ്രകാരം 113 മീറ്റർ സ്ഥലത്ത് റീട്ടെയനിംഗ് വാൾ നിർമ്മിക്കാനും 400 മീറ്റർ നീളത്തിൽ മണ്ണിട്ട് റോഡ്

നിർമ്മിക്കാനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രവൃത്തി നടപ്പാക്കുന്ന വേളയിൽ സൈറ്റ് കണ്ടീഷന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ നിന്നും വ്യത്യസ്ഥമായി പ്രവൃത്തി ചെയ്തു. പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി വാങ്ങാതെ പ്രവൃത്തി നടപ്പാക്കി. ടേപ് മെഷർമെന്റ് പ്രകാരം കരാറുകാരന് പാർട്ട് ബിൽ തുകയായി 7,87,238/- രൂപ നൽകി. കരാറുകാരനുമായി എഗ്രിമെന്റ് പുതുക്കിയിരുന്നില്ല. ബാക്കി തുക നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഇതു വിശദമായി പരിശോധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകി.

സ്ഥലത്തെ റോഡ് നിർമ്മാണത്തിന്റെ അടിയന്തിര സ്വഭാവം കണക്കിലെടുത്ത് റിവിഷൻ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങാതെ തന്നെ പ്രവൃത്തി നടപ്പിലാക്കേണ്ടി വന്നു എന്നും പ്രവൃത്തിയുടെ എഗ്രിമെന്റ് പുതുക്കിയിട്ടില്ല എന്നും റിപ്പോർട്ട്ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിരുന്ന അളവിൽ അധികരിക്കാതെയാണ് പേയ്മെന്റ് നടത്തിയിട്ടുള്ളത്. മുനിസിപ്പൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള വാല്യുവേഷൻ പ്രകാരം ആകെ തുക 13,70,755/- രൂപയാണ്. 7,87,238/- രൂപ നൽകി ബാക്കിയുള്ള 5,83,517/- രൂപ. ഈ തുക നൽകാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

**തീരുമാനം:-** ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കിയുള്ള 5,83,517/- രൂപ നൽകാൻ അനുമതി നൽകുന്നു. ഇതിനായി വികസനഫണ്ടോ തനത് ഫണ്ടോ ഉപയോഗിക്കാം. തുക പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തണം.

**നടപടി :-1) തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ**

## 2.3(4.56) <u>പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്</u>

**ബഹു.മലപ്പുറം എം.എൽ.എയുടെ 16.10.19 ലെ കത്തും പുൽപ്പറ്റ ഗ്രാമപഞ്ചായത്തുപ്രസിഡന്റിന്റെ 9.10.19 ലെ കത്തും 28.09.19 ലെ 10-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 58/20-DB4/278/2019-20 LSGD)**

രണ്ട് ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനും രണ്ടു വീടുകൾ പുനർ നിർമ്മാണം നടത്താനും 12.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കിരുന്നു. (ഒരു വീടിനു 2.00 ലക്ഷം രൂപ വീതം 6 പേർക്ക്) ഇതിന് 06.02.18 ലെ കോർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. വീടൊന്നിന് 2.00 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 4.00 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് ഭേദഗതി ചെയ്തു. ആകെ അടങ്കൽ 24.00 ലക്ഷം രൂപ (ഹൗസിംഗ് ബോർഡിൽ നിന്നു ലഭിച്ച 4,50,000/- രൂപയും തനത് ഫണ്ട് 19,50,000/- രൂപയും ചേർത്ത്). ഇതിന് അനുമതി സംബന്ധിച്ച്. ലൈഫ് മിഷൻ പദ്ധതി പ്രകാരം (രണ്ടാം ഘട്ടം) എല്ലാവർക്കും വീടുനൽകിയോ എന്ന് പരിശോധിച്ച ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റിപ്പോർട്ട് നൽകി

**തീരുമാനം :-** ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 2.3(4.66) കോട്ടയം നഗരസഭ

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020 ലെ കത്ത്** (SRG 33/20 - CC/882/2019)

***പ്രോ.നം 602/20*** ***അടങ്കൽ 2,20,00,000/-രൂപ***

***(വികസനഫണ്ട് 2.00 കോടി രൂപ***

***ധനകാര്യ കമ്മീഷൻ ഗ്രാന്റ് 20.00 ലക്ഷം രൂപ)***

***പേര് – നഗരത്തിലെ വിവിധ മാലിന്യങ്ങൾ വലിച്ചെറിയുന്നത് തടയുന്നതിനായി ക്യാമറകൾ സ്ഥാപിക്കൽ***

കോട്ടയം നഗരസഭയിൽ 52 വാർഡുകളിലായി 65 CCTV ക്യാമറ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. സോളാർ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സംവിധാനമാണിത്. ക്യാമറയും നിർമ്മിത ബുദ്ധി സാങ്കേതികവിദ്യയും ഉപയോഗിച്ചുള്ള സാങ്കേതിക സംവിധാനമാണ് ഉപയോഗിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്. കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ഇതിന്റെ സാങ്കേതിക വശം പരിശോധിച്ച് ഐ.ടി. മിഷൻ ഡയറക്ടർ റിപ്പോർട്ട് നൽകി.

**തീരുമാനം** - ഐ.റ്റി. മിഷൻ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുമതി നിരസിച്ചു.

**നടപടി :-1) ഡയറക്ടർ, ഐ.റ്റി. മിഷൻ**

## 2.3(4.68 ) കണ്ണൻ ദേവൻ ഹിൽ പ്ലാന്റേഷൻ പ്രദേശത്തെ സ്കൂളുകളിൽ മേൽക്കൂര മാറ്റൽ

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.01.20-ലെ കത്തും KDHP കമ്പനിയുടെ 11.11.2019-ലെ 612-ാം നമ്പർ കത്തും** (SRG 79/20 CC/56/20)

മൂന്നാർ, ദേവികുളം, പള്ളിവാസൽ, ചിന്നക്കനാൽ, എന്നീ ഗ്രാമ പ്രദേശങ്ങളിലായി ആകെ 34 സ്കൂളുകൾ KDHP നടത്തുന്നുണ്ട്. ഇതിൽ മൂന്നാറിൽ 10, ദേവികുളത്ത് 11, പള്ളിവാസലിൽ 1, ചിന്നക്കനാലിൽ 2 സ്കൂളുകൾക്ക് ആസ്ബറ്റോസ് മേൽക്കൂരയാണ്. ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 09.10.2019-ലെ 162/2019/ GEDN നമ്പർ ഉത്തരവ് പ്രകാരം രണ്ടു വർഷത്തിനകം ആസ്ബറ്റോസ് മേൽക്കൂര മാറ്റി പകരം അനുയോജ്യമായ മേൽക്കൂര സ്ഥാപിക്കണമെന്നുണ്ട്. കമ്പനിക്കു സാമ്പത്തിക പ്രതിസന്ധി ഉള്ളതിനാൽ അതത് ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് മേൽക്കൂര മാറ്റണമെന്ന് കമ്പനി ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന ആവശ്യം സംബന്ധിച്ച്

മുകളിൽ പറഞ്ഞ പ്രവർത്തി കമ്പനിയുടെ ചുമതലയാണ് എന്ന് യോഗം വിലയിരുത്തി. കമ്പനിയുമായി ചർച്ച ചെയ്ത് ഈ പ്രവർത്തി ചെയ്യുന്നതിന്റെ

സാധ്യത പരിശോധിക്കാൻ ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പുമായി ചർച്ച ചെയ്ത് പരിഗണിക്കാൻ തീരുമാനിച്ചു.

റിപ്പോർട്ട് നൽകാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. റിപ്പോർട്ട് ഉടൻ തന്നെ വാങ്ങണമെന്ന് പഞ്ചായത്ത് ഡയറക്ടറോട് നിർദ്ദേശിച്ചു.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 3. പൊതു വിഷയങ്ങൾ

3.1 സംസ്ഥാന സർക്കാരിന്റെ 2020-21 ബഡ്ജറ്റിൽ പ്രഖ്യാപിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പങ്കാളിത്ത പ്രാധാന്യമുള്ള പരിപാടികൾ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തണം. ഇതു സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ട 12 ഇന പരിപാടികൾ യോഗത്തിൽ ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അവതരിപ്പിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടുത്ത വർഷത്തെ പദ്ധതിയിൽ സമഗ്രമായി ഈ പദ്ധതികൾ എങ്ങനെ കൂട്ടിച്ചേർക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. പരിപാടികളുടെ ചുരുക്കം താഴെ ചേർക്കുന്നു. ഇതു നടപ്പാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ തയ്യാറാക്കാൻ യോഗം എസ്.ആർ.ജി.യെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് അടിയന്തിരമായി നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് നടപടി സ്വീകരിക്കണം. ഈ പരിപാടികൾ കൂടി കൂട്ടിച്ചേർത്തുവേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2020-21 പദ്ധതി രൂപീകരിക്കേണ്ടത്. മാർച്ച് മാസം സമർപ്പിക്കുന്ന വാർഷിക പദ്ധതിയിൽ ഇതിൽ ഏതെങ്കിലും പദ്ധതി വിട്ടുപോയിട്ടുണ്ടെങ്കിൽ ഏപ്രിലിൽ അത്തരം പരിപാടികൾ കൂടി കൂട്ടിച്ചേർത്ത് പദ്ധതി അന്തിമമാക്കണം.

**(i) വിശപ്പുരഹിത കേരളം**

1000 ഭക്ഷണശാലകൾ ആരംഭിക്കുകയാണ് ലക്ഷ്യം. 100 പേർക്ക് 25 രൂപയ്ക്ക് ഊണ് നൽകും. ഇതിൽ 10 ശതമാനം ഊണ് സൗജന്യം. ഗ്രാമപഞ്ചായത്തിലും ചെറിയ നഗരസഭകളിലും 1 വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് 1 വീതവുമാണ് ഭക്ഷണശാലകൾ ആരംഭിക്കേണ്ടത്. ഇതിനായി സംസ്ഥാന സർക്കാർ സിവിൽ സപ്ലൈസ് അടക്കമുള്ള ഏജൻസികൾ മുഖേന സബ്സിഡി നിരക്കിൽ അരിയും പലവ്യഞ്ജനങ്ങളും നൽകും. ഈ സബ്സിഡി 100 ഊണിനു മാത്രമാണ്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ഭക്ഷണശാലയ്ക്കാവശ്യമായ വാടക, കറന്റ്, വാട്ടർചാർജ് ഇവ നൽകണം. ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും പ്രവർത്തനത്തിനാവശ്യമായ റിവോൾവിംഗ് ഫണ്ട് നൽകണം. എന്നാൽ നഗര പ്രദേശത്തെ ഈ തുക നഗരസഭകൾ നൽകണം. ഇതിനായുള്ള തുക ഉല്പാദന മേഖലയിൽ നിന്ന് ചെലവഴിക്കാവുന്നതാണ്. ഈ പദ്ധതിയുടെ നോഡൽ ഏജൻസി കുടുംബശ്രീയാണ്.

**(ii) 5000 വയോ ക്ലബുകൾ**

വയോജനങ്ങൾക്കുള്ള വിശ്രമ വിനോദ കേന്ദ്രം സ്ഥാപിക്കലാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തിലും ചെറിയ നഗരസഭകളിലും

3 കേന്ദ്രം വീതവും വലിയ നഗരസഭകളിൽ 10 വാർഡിന് ഒരു കേന്ദ്രം വീതവും സ്ഥാപിക്കലാണ് ലക്ഷ്യം. ഇതിനായി പുതിയ കെട്ടിടങ്ങൾ പണിയേണ്ടതില്ല. നിലവിലുള്ള വായനശാലകൾ, വാടക വീട്ടുകൾ തുടങ്ങിയവ ഇതിനായി ഉപയോഗിക്കണം. വാടക, വൈദ്യുതി, വാട്ടർ ചാർജ് ഗ്രാമപഞ്ചായത്തുകൾ/ നഗരസഭകൾ വഹിക്കണം. ടി.വി, പത്രങ്ങൾ തുടങ്ങിയവ കഴിവതും സ്പോൺസർഷിപ്പിലൂടെ കണ്ടെത്താൻ ശ്രമിക്കണം. ഗ്യാസ് അടുപ്പ്, പാത്രങ്ങൾ കുടിവെള്ളം ഇവയും ലഭ്യമാക്കണം. കുടുംബശ്രീ മുഖേന ഒരു ആയ/കെയർ ടേക്കർ വേണം. ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് മറ്റ് ആവർത്തന ചെലവുകൾ വഹിക്കണം. വയോജന അയൽക്കൂട്ടങ്ങളുടെ ആസ്ഥാനമായും വയോജന സേവന കേന്ദ്രമായും ഇത് പ്രവർത്തിക്കണം. കുട്ടികളുടെ റെമഡിയൽ കോച്ചിംഗ് സെന്ററായി പ്രവർത്തിക്കുന്ന രീതിയും മറ്റും പ്രാവർത്തികമാക്കാവുന്നതാണ്.

**(iii) ശുചിത്വ കേരളം**

ഓണത്തിനു മുമ്പ് 500 ഗ്രാമപഞ്ചായത്തുകളും 50 നഗരസഭകളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കണമെന്നതാണ് ലക്ഷ്യം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കാനുള്ള പ്രോജക്ടുകൾ ഉൾപ്പെടുത്തണം. ഇതിനുള്ള സബ്സിഡി APL/BPLവ്യത്യാസമില്ലാതെ നൽകണം

**(iv) പൊതു ടോയിലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും**

12,000 പൊതു ടോയിലറ്റുകളാണ് ഈ രീതിയിൽ നിർമ്മിക്കാൻ ലക്ഷ്യമിടുന്നത്. ഇവ താഴെപ്പറയും പ്രകാരം നിർമ്മിക്കാനാണ് ലക്ഷ്യം.

(a) പെട്രോൾ പമ്പുകളിലെ നിലവിലുള്ള ടോയിലറ്റുകളുടെ നവീകരണം
(b) നിലവിൽ ടോയിലറ്റുകൾ ഇല്ലാത്ത പെട്രോൾ പമ്പുകളിൽ പുതുതായി ടോയിലറ്റ് നിർമ്മാണം
(c) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കൽ
(d) NH, PWD റോഡരികിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളിൽ നിർമ്മിക്കാവുന്നവ
(e) സഹകരണ സംഘങ്ങളുടെ ഭൂമിയിൽ നിർമ്മിക്കുന്നതും സ്പോൺസർ ചെയ്യാവുന്നതും.
(f) എല്ലാ ഗ്രാമപഞ്ചായത്തുകളും ചെറിയ നഗരസഭകളും ഒന്ന് വീതവും വലിയ മുനിസിപ്പാലിറ്റികൾ രണ്ട് വീതവും കോർപ്പറേഷനുകൾ 5 വീതവും ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇവിടെ വിശ്രമ സ്ഥലം, കുടിവെള്ളം, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നിവ ഉണ്ടായിരിക്കണം. ഇതു കൂടാതെ കേന്ദ്രീകൃത സെപ്റ്റേജ് സർക്കാർ നിർമ്മിച്ചു നൽകും. സ്ഥലം, ജന സമ്മതി എന്നിവ ഉറപ്പാക്കിയാൽ 5 കോടി രൂപ പ്രത്യേക ഗ്രാന്റായി സർക്കാർ നൽകും.

**(v) തോടുകളുടെ ശുചീകരണം**

സംസ്ഥാനത്ത് 82,000 കി.മി. തോടുകൾ ഉണ്ടെന്നാണ് കണക്ക്. ഇതിൽ 50,000 കി.മി തോടുകൾ ഒരു വർഷത്തിനകം ശുചിയാക്കി കയർ ഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുകയും ഔഷധ സസ്യാവരണം നിർമ്മിക്കുകയും വേണം. ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത ഉപയോഗിക്കണം.

ലേബർ ബജറ്റിൽ ഇത് ഉറപ്പവരുത്തണം. മൈനർ ഇറിഗേഷൻ, മണ്ണുജല സംരക്ഷണം എന്നീ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കണം. ഹരിത കേരളം മിഷന്റെ ഇടപെടൽ വേണം.

**(vi) ഒരു കോടി ഫലവൃക്ഷകൃഷി കാമ്പയിൻ**

പ്രതിവർഷം ഒരു കോടി ഫലവൃക്ഷ തൈകൾ വീതം നട്ടുവളർത്തുന്ന ദശവത്സര പദ്ധതിയാണിത്. ഇതിനായി പ്രത്യേക പ്രദേശങ്ങൾ കണ്ടെത്തി ലിസ്റ്റ് ചെയ്യണം. പുരയിടങ്ങളിലും നടാം. തൈകളും ഇനവും എണ്ണവും തിട്ടപ്പെടുത്തണം. ഈ പ്രവർത്തനം ഒരു കാമ്പയിനായി ഏറ്റെടുത്തുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇതിനായി പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

**(vii) ജൈവ പച്ചക്കറി**

ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൂടുതൽ ശാസ്ത്രീയവും സാങ്കേതികവുമായ ഘടകങ്ങൾ ഉൾപ്പെടുത്തി കൃഷി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് ജീവനി. ഈ പദ്ധതിയിലൂടെ കുടുംബശ്രീ 20,000 ഹെക്ടർ കൃഷി ചെയ്യുന്നതാണ്. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങളും പ്രോജക്ട് തയ്യാറാക്കണം. റെയിൻ ഷെൽട്ടർ നിർമ്മാണത്തിന് പ്രോജക്ടുകള് തയ്യാറാക്കണം. കുടുംബശ്രീ/ സ്വയംസഹായ സംഘങ്ങൾ/കർഷക ഗ്രൂപ്പുകൾ എന്നിവർക്ക് മുൻഗണന നൽകണം. ഇതിന്റെ ഏകോപന ചുമതല കൃഷി ഭവൻ വഹിക്കും.

**(viii) ലോക്കൽ എംപ്ലോയ്മെന്റ് - അഷുറൻസ് പ്രോഗ്രാം -( LEAP) 1000 പേർക്ക് 5 വീതം തൊഴിൽ സൃഷ്ടിക്കൽ**

തൊഴിൽ ഗ്രൂപ്പുകൾ, സ്വയംസഹായ സംഘങ്ങൾ, സഹകരണ സംഘങ്ങൾ, സംരംഭകത്വ ഗ്രൂപ്പുകൾ എന്നിവ രൂപീകരിച്ചാണ് ഈ തൊഴിൽ സാധ്യത കണ്ടെത്തേണ്ടത്. ഇതിന്റെ പരിശീലനം, വിപണനം എന്നിവയ്ക്ക് ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ പ്രോജക്ട് തയ്യാറാക്കണം. പ്രവർത്തന മൂലധനത്തിന് വായ്പ എടുക്കാം. ഇതിന്റെ പലിശ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ നൽകണം. സംസ്ഥാന സർക്കാരിന്റെ സ്കിൽ പദ്ധതി , പ്രദേശത്തെ സാങ്കേതിക സ്ഥാപനങ്ങൾ, യുവ എഞ്ചിനീയറിംഗ് ബിരുദദാരികൾക്ക് ഇന്റേൺഷിപ്പ് എന്നീ മാർഗ്ഗങ്ങളിലൂടെ സാങ്കേതിക സഹായം ലഭ്യമാക്കണം.

**(ix) പൊതു വിദ്യാഭ്യാസ യജ്ഞം**

പഠിക്കുന്ന കുട്ടികളിൽ അക്ഷരവും അക്കവും ഉറച്ചിട്ടില്ലാത്തവരെ കണ്ടെത്തി റെമെഡിയൽ വിദ്യാഭ്യാസ പരിപാടിയിൽ ഉൾപ്പെടുത്തണം. PTA യോഗങ്ങൾ വിളിച്ചു ചേർത്ത് പരിപാടി തയ്യാറാക്കണം. ഓണത്തിന് മുമ്പ് അക്കവും അക്ഷരവും ഉറയ്ക്കാത്തവരെ നിർണ്ണയിക്കണം. ഇതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കണം.

**(x) പാലിയേറ്റീവ് പ്രവർത്തനങ്ങൾ**

എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പാലിയേറ്റീവ് സംവിധാനം ഉറപ്പവരുത്തണം. പാലിയേറ്റീവ് പ്രവർത്തനങ്ങളിലൂടെ വീടുകളിലെ രോഗി പരിചരണവും വയോജന സൗഹൃദ പ്രവർത്തനങ്ങളും വ്യാപകമായി സംഘടിപ്പിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ട് തയ്യാറാക്കണം.

**(xi) പട്ടികവർഗ്ഗ വിഭാഗങ്ങൾ**

ഇതിനകം ആരംഭിച്ചിട്ടുള്ള കോളനി നവീകരണ പദ്ധതി പൂർത്തിയാക്കണം. കൂടാതെ വീടുകളുടേയും പഠനമുറികളുടേയും നിർമ്മാണം പൂർത്തിയാക്കണം.

**(xii) ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ വാർഷിക പദ്ധതിയുടെ ഭാഗമാക്കൽ (നമ്മൾ നമുക്കായ്)**

ദുരന്ത പ്രതിരോധത്തിന് സമഗ്ര പ്രാദേശിക പദ്ധതി തയ്യാറാക്കണം. വാർഡ് തിരിച്ച് പ്രതിരോധത്തിനും പ്രവർത്തനങ്ങൾക്കും മുൻ കരുതലുകൾക്കും സംവിധാനം വേണം. വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ടുകൾ വേണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.2 ഈ വർഷത്തെ പദ്ധതി നിർവഹണവും 2020-21 -ലെ പദ്ധതി രൂപീകരണവും സംബന്ധിച്ച് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടുതൽ ശ്രദ്ധ നൽകണം. അടുത്ത ഒക്ടോബർ മാസം തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് തെരഞ്ഞെടുപ്പ് നടക്കാൻ പോകുന്നതിനാൽ ഏപ്രിൽ 1 മുതലുള്ള പദ്ധതി നിർവഹണം ചിട്ടപ്പെടുത്തണം. തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വരുന്നതിന് മുമ്പ് താഴെപ്പറയുന്ന പ്രവർത്തനം ഘട്ടം ഘട്ടം തിരിച്ച് നടപ്പാക്കണം. ഇതിനാവശ്യമായ നടപടി പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ, തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ എന്നിവർ സ്വീകരിക്കണം.

**നടപടി-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**
**3) നഗരകാര്യ ഡയറക്ടർ**
**4) ഗ്രാമവികസന കമ്മീഷണർ**
**5) ചീഫ് എഞ്ചിനീയർ,**
**തദ്ദേശസ്വയംഭരണ വകുപ്പ്**

(i) കാലവർഷം ആരംഭിക്കുന്നതിനു മുമ്പ് (മെയ് 15 നകം) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിലുള്ള എല്ലാ റോഡുകളുടേയും അറ്റകുറ്റപ്പണി നടത്തണം. ഇതിനായി ചെയ്യേണ്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ചിട്ടപ്പെടുത്തണം. അത്തരം പ്രവൃത്തികൾക്ക് ഏപ്രിൽ 10-നകം വെറ്റിംഗ്/ സാങ്കേതികാനുമതി നൽകണം. ടെണ്ടർ നടപടികൾ ഏപ്രിൽ 20-നകം പൂർത്തിയാക്കണം. ഏപ്രിൽ 20 മുതൽ മെയ് 15 വരെയുള്ള സമയം കൊണ്ട് എല്ലാ റോഡുകളുടേയും അറ്റകുറ്റപ്പണി പൂർത്തിയാക്കണം. ഇത് ഒരു കാമ്പയിൻ രീതിയിൽ നടപ്പാക്കണം. ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് ഇതിനുള്ള നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം. ഇതിന്മേൽ തുടർ നടപടി എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജില്ലാതലത്തിൽ സ്വീകരിക്കണം. കൂടാതെ ജില്ലാതലത്തിൽ ഇത് കൃത്യമായി ജില്ലാ ആസൂത്രണസമിതി മോണിറ്റർ ചെയ്യണം. ജില്ലാ കളക്ടർമാർ ഇതിൽ പ്രത്യേകമായി ഇടപെടണം. ജില്ലാ കളക്ടർമാർ ഇതിന്മേലുള്ള റിപ്പോർട്ട് തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകണം.

മുകളിൽ പറഞ്ഞ പ്രവൃത്തികൾ കാമ്പയിൻ രീതിയിൽ പൂർത്തിയാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി അടിയന്തിരമായി

തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കണം. ഇതു സംബന്ധിച്ച് ചിട്ടപ്പെടുത്തിയ പ്രവർത്തനങ്ങൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകണം.

(ii) ജൂൺമാസം സ്കൂൾ തുറക്കുന്നതിനു മുമ്പ് എല്ലാ സ്കൂളുകളുടേയും അറ്റകുറ്റപ്പണി നടത്തണം. റോഡുകളുടെ അറ്റകുറ്റപ്പണിക്ക് സ്വീകരിച്ച കാലക്രമം ഇതിനും സ്വീകരിക്കണം

(iii) വ്യക്തിഗത ഗുണഭോക്താക്കൾക്ക് നൽകേണ്ട ധനസഹായം, മറ്റു പദ്ധതികൾ

(a) ഇതിനായി ഗുണഭോക്തൃ ഗ്രാമസഭകൾ കൃത്യമായി കൂടണം. ഏപ്രിൽ 30-നകം ഗുണഭോക്തൃ ഗ്രാമസഭകൾ പൂർത്തിയാക്കണം. ഗുണഭോക്തൃ ലിസ്റ്റ് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർക്ക് മെയ് 15-നകം നൽകണം. ഈ രീതിയിൽ പ്രവർത്തനം ചിട്ടപ്പെടുത്തണം.

(b) കാർഷിക മേഖലയിലെ വ്യക്തിഗത ആനുകൂല്യങ്ങൾ, പദ്ധതികൾ എല്ലാം തന്നെ ജൂൺ 30-നകം നടപ്പാക്കണം

(c) മൃഗസംരക്ഷണ മേഖലയിൽ പശുക്കൾ/ ആട് എന്നിവയ്ക്ക് ധനസഹായം തുടങ്ങിയ പദ്ധതികളും ജൂൺ 30-നകം പൂർത്തിയാക്കണം.

(d) വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, ലാപ് ടോപ് തുടങ്ങിയവ മെയ് 30-നകം നൽകണം.

ഇതിന്മേൽ സ്വീകരിച്ച നടപടികൾ വകുപ്പമേധാവികൾ അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകണം. കൂടാതെ ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ ഈ പ്രവർത്തനം ഏകോപിപ്പിക്കണം. ഇത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ് മുഖേന നൽകണം.

**നടപടി - 1) പഞ്ചായത്ത് ഡയറക്ടർ**
**2) നഗരകാര്യ ഡയറക്ടർ**
**3) ഗ്രാമവികസന കമ്മീഷണർ**
**4) വികേന്ദ്രീകൃതാസൂത്രണ വിഭാഗം ചീഫ്, സംസ്ഥാന ആസൂത്രണ ബോർഡ്**

3.3 തദ്ദേശഭരണ സ്ഥാപനങ്ങൾ ജൂട്ട്/ തുണി സഞ്ചികൾ വീടുകളിൽ/ കടകളിൽ വിതരണം ചെയ്യുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതല്ല. എന്നാൽ പ്ലാസ്റ്റിക് സഞ്ചികൾക്ക് ബദൽ എന്ന നിലയിൽ ഇതിനായി യൂണിറ്റുകൾ തുടങ്ങുന്നതിന് ഭൗതിക സാഹചര്യം ഒരുക്കാനും മെഷീൻ അടക്കമുള്ള മറ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകാവുന്നതാണ്. പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ട് ആയി നൽകേണ്ടതാണ്. എന്നാൽ ഉൽപ്പന്നത്തിനു മേൽ സബ്സിഡി നൽകാവുന്നതല്ല.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.4 2020-21-മുതൽ ജില്ലാ പഞ്ചായത്തുകളുടെ ശുചിത്വ മാലിന്യ പരിപാലന പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥനായി ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററെ നിശ്ചയിക്കാൻ തീരുമാനിച്ചു. ഇവർക്ക് ഇതിനായി ഡി.ഡി.ഒ കോഡ് അനുവദിക്കാൻ ധനവകുപ്പിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ധനവകുപ്പ്**

3.5 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച നൽകുന്നതിന് മൂന്നു ഗഡുക്കളായാണ് തുക നൽകുന്നത്. അവസാന ഗഡു നൽകുന്നത് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലെ ഒരു എഞ്ചിനീയർ/ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ ചില കേസുകളിൽ പഠനമുറിയിൽ നടത്തിയിരിക്കുന്ന വയറിംഗിന്റെ ചെലവ് വാല്യുവേഷനിൽ ഉൾപ്പെടുത്താറില്ല എന്ന് യോഗം വിലയിരുത്തി. ഈ ഇനത്തിൽ നൽകേണ്ട ശരാശരി ചെലവ് എത്രയാണെന്ന് പരിശോധിച്ച അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്**

3.6 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഉണ്ട്. ഇവ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ല. എന്നാലും ഇത്തരം ശ്മശാനങ്ങളിൽ അവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റ സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്ക് ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും പ്രോജക്റ്റുകൾ വയ്ക്കാവുന്നതാണ്.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

3.7 തദ്ദേശഭരണ സ്ഥാപനങ്ങൾ ഈ ഭരണസമിതിയുടെ കാലത്ത് നടപ്പാക്കിയ വികസന ക്ഷേമപരിപാടികളും നേട്ടങ്ങളും ജനങ്ങളിലേയ്ക്ക് എത്തിക്കുവാൻ ലഘു പുസ്തകങ്ങൾ/ ബ്രോഷറുകൾ/പോസ്റ്ററുകൾ തയ്യാറാക്കാവുന്നതാണ്. ഇതിനായി പരമാവധി 1.00 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കാവുന്നതാണ്.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

3.8 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ അത്യാവശ്യം വരുത്തേണ്ട ഭേദഗതിക്ക് ജനുവരി 15 വരെ അവസരം നൽകിയിരുന്നു. തുടർന്ന് പ്രത്യേകമായി ആവശ്യപ്പെട്ടവർക്ക് ജനുവരി 30 വരെ സുലേഖ സോഫ്റ്റ് വെയർ എനേബിൾ ചെയ്തിരുന്നു.

പ്രളയ ബാധിത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 19.02.2020-ലെ 1381/20/ധന ഉത്തരവ് പ്രകാരം 37.50 കോടി രൂപ ഇപ്പോൾ നൽകിയിട്ടുണ്ട്. ഇവർക്ക് പുതിയ പദ്ധതി എടുക്കേണ്ടതുണ്ട്. മറ്റ ചില തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി ഭേദഗതി ആവശ്യപ്പെട്ടിട്ടുണ്ട്. 27.12.2019-ലെ 10/18/SRG/LSGD/CC നമ്പർ കുറിപ്പ് പ്രകാരം നൽകിയിരുന്ന മാർഗ്ഗ നിർദ്ദേശത്തിനു വിധേയമായി 26.02.2020 മുതൽ മാർച്ച് 8 വരെ വാർഷിക പദ്ധതിയിൽ അത്യാവശ്യം വേണ്ട ഭേദഗതിക്കും കൂട്ടിച്ചേർക്കലും നടത്തുന്നതിന് സുലേഖ സോഫ്ട് വെയറിൽ സൗകര്യം നൽകാൻ തീരുമാനിച്ചു. മാർച്ച് 8 നു ശേഷം പദ്ധതി ഭേദഗതി അനുവദിക്കുന്നതല്ല.

**നടപടി - 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

3.9 ഹോം സ്റ്റേകൾക്കുള്ള കെട്ടിട നികുതി വളരെ കൂടുതലാണെന്ന് പൊതുവേ അഭിപ്രായമുണ്ടെന്ന് യോഗം വിലയിരുത്തി. ഇത് വകുപ്പ് തലത്തിൽ പരിശോധിച്ച് ഉചിതമായ നിരക്ക് നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കണം.

**നടപടി - 1) തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

**4. പ്രത്യേക വിഷയങ്ങൾ**

**====================**

## 4.1 കണ്ണൂർ നഗരസഭ

**നഗരകാര്യ ഡയറക്ടറുടെ 08.11.2019-ലെ DC3-21875/2019 -ലെ കത്ത് (SRG 47/2020 - LSGD - DB2/216/2019 - LSGD)**

***പ്രോ.നം.1289/20*** ***അടങ്കൽ 8,00,000/- രൂപ***
***(CFC - 7,68,832/-രൂപ***
***തനത് ഫണ്ട് 31,168/- രൂപ)***

***പേര്:- ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിന് ഇരുചക്ര വാഹനം വാങ്ങൽ***

കണ്ണൂർ കോർപ്പറേഷന്റെ ശുചിത്വ ആരോഗ്യ പരിശോധന കാര്യക്ഷമമാക്കുന്നതിന് ഇരുചക്ര വാഹനം (10 എണ്ണം) വാങ്ങുന്നതിനുള്ള പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലാ ആസൂത്രണസമിതി അംഗീകരിച്ച പ്രോജക്ടാണെങ്കിലും മാർഗ്ഗരേഖയിൽ ഇല്ലാത്തതിനാൽ പ്രത്യേക അനുമതി നൽകണമെന്നത് സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.2 കൊല്ലം കോർപ്പറേഷൻ

**കൊല്ലം കോർപ്പറേഷൻ മേയറുടെ 17.09.2019-ലെ PC1/37176/19 -ാം നമ്പർ കത്ത്.** (SRG 49/20/LSGD - BC3/676/2019 - LSGD)

കൊല്ലം കോർപ്പറേഷനിൽ സദ്ഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തികൾ ചെയ്യുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി മുഖേനയാണ്. ഈ പ്രോജക്ട് വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ കിയോസ്ക്, ക്യൂ മാനേജ്മെന്റ് സിസ്റ്റം, ബയോ മെട്രിക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, വീഡിയോ കോൺഫറൻസിംഗ് എന്നീ സൗകര്യങ്ങൾ ഒരുക്കേണ്ടതുണ്ട്. ഇവ CPRCS പോർട്ടിൽ ലഭ്യമല്ലായെങ്കിൽ Gem മുഖേന വാങ്ങണം എന്നതാണ് നിബന്ധന. ഇതിൽ പലതും CPRCS ലും Gemലും ലഭ്യമല്ല. അതിനാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി മുഖേന വാങ്ങാൻ അനുമതി സംബന്ധിച്ച്.

.

**തീരുമാനം** :- ഇത് ഐ.റ്റി മിഷൻ ഡയറക്ടർ പരിശോധിച്ച് റിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ഡയറക്ടർ, ഐ.റ്റി മിഷൻ**

## 4.3 ഏലൂർ നഗരസഭ

**ഏലൂർ നഗരസഭ ചെയർപേഴ്സന്റെ 02.07.2019-ലെ PW - 12375/18-ാം നമ്പർ കത്തും നഗരകാര്യ ഡയറക്ടറുടെ 11.12.2019-ലെ DC4/17368/2019-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.02.2019-ലെ യോഗ തീരുമാനവും (SRG 111/20/DB 4 -101/2019 - LSGD)**

2018-19 വാർഷിക പദ്ധതിയിൽ രണ്ടു ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് വകയിരുത്തിയിരിക്കുന്നു. (പ്രോ.നം. 350/19 - അടങ്കൽ 12.00 ലക്ഷം രൂപ (10,78,700/ രൂപ (റ്റി.എസ്.പി) തനത് ഫണ്ട് 1,21,300/- രൂപ) 2 സെന്റ് സ്ഥലം വാങ്ങുമ്പോൾ 6.00 ലക്ഷം രൂപ വീതം നൽകാനാണ് ഉദ്ദേശിച്ചിരുന്നത്. ഇതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ടിരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പ് നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പട്ടികജാതി വികസന വകുപ്പിൽ നിലനിന്നിരുന്ന നിരക്ക് നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4,50,000/- രൂപ വീതം ഗുണഭോക്താക്കൾക്കു നൽകി. ധനസഹായം നൽകിയപ്പോൾ സ്ഥലം പണയപ്പെടുത്തരുതെന്ന് നിബന്ധന ഉണ്ടായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ അധിക തുകയായി 1,50,000/- കൂടി നൽകുകയോ സ്ഥലം പണയപ്പെടുത്താൻ അനുമതി നൽകുകയോ ചെയ്യണമെന്നതു സംബന്ധിച്ച്.

**തീരുമാനം** :- രണ്ട് ആവശ്യങ്ങളും നിരസിച്ചു. എന്നാൽ ആവശ്യപ്പെട്ട അധിക ധനസഹായം നൽകുന്നത് സംബന്ധിച്ച വിഷയം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.4 മാനന്തവാടി നഗരസഭ

**മാനന്തവാടി നഗരസഭാ ചെയർപേഴ്സന്റെ 28.09.2019-ലെ കത്ത് (SRG 214/20 - LSGD/DC3/703/2019 - LSGD)**

***പ്രോ.നം. 425/20*** ***അടങ്കൽ 12,00,000/- രൂപ (വികസനഫണ്ട്)***

***പേര് - അടിവാരം കാനാക്കുന്നേൽ റോഡ് കലുങ്ക് നിർമ്മാണം***

2018-19 വാർഷിക പദ്ധതിയിൽ അടിവാരം കനാകുന്നേൽ റോഡ് കലുങ്ക് നിർമ്മാണം എന്ന പ്രോജക്ട് ഉൾപ്പെടുത്തിയിരുന്നു. 2019-20-ൽ സ്പിൽ ഓവർ ആയി തുടരുന്നു. ഇത് ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചു. ഈ കലുങ്കിനുവേണ്ട അറ്റകുറ്റപ്പണി പ്രദേശവാസികൾ ചെയ്തു. കലുങ്ക് നിർമ്മാണത്തിന് മാറ്റി വച്ചിരിക്കുന്ന തുക ഉപയോഗിച്ച് കലുങ്കിന്റെ ഇരുവശത്തുമുള്ള റോഡുകൾ കോൺക്രീറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** കലുങ്ക് നിർമ്മാണം ആവശ്യമില്ലെങ്കിൽ എഗ്രിമെന്റ് വച്ച കരാറുകാരനുമായി ധാരണയായി നഗരസഭയ്ക്ക് നഷ്ടമില്ലാതെ പ്രോജക്ട് ഒഴിവാക്കി പുതിയ പ്രോജക്ട് എടുക്കാൻ നിർദ്ദേശിക്കുന്നു. സ്പിൽ ഓവർ എന്ന നിലയിൽ റോഡ് കോൺക്രീറ്റിംഗ് ചെയ്യാവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.5 ഇരുവ്വൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.11.2019-ലെ കത്തും ലൈഫ് മിഷൻ മലപ്പുറം ജില്ലാ കോഓർഡിനേറ്ററുടെ 18.11.2019-ലെ 3/life /mpm/2018--ാം നമ്പർ കത്തും (SRG 1035/19 - CC/508/19)**

*പ്രോ.നം. 232/20* *അടങ്കൽ 3,00,000/- രൂപ*
*(വികസന ഫണ്ട് 1,20,000/- രൂപ*
*തനത് ഫണ്ട് 1,80,000/-)*

***പേര്:- ഭവന പദ്ധതി പൂർത്തീകരണം***

2015-16-ൽ ബാങ്ക് വായ്പ ഉൾപ്പെടുത്തി 'സാഫല്യം' ഭവന പദ്ധതി എന്ന പേരിൽ പ്രോജക്ട് എടുത്തിരുന്നു. 1,50,000 രൂപയായിരുന്നു യൂണിറ്റ് നിരക്ക്. ഇതിൽ 13 പേർ വീട് നിർമ്മാണം ആരംഭിച്ചു. എന്നാൽ ബാങ്ക് ലോൺ ലഭിച്ചില്ല. വീട്ടു നിർമ്മാണം ആരംഭിച്ച 13 പേരിൽ 10 പേർ വീട്ടു പൂർത്തീകരിച്ചില്ല. ഇവർക്ക് ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം) 1.50 ലക്ഷം രൂപ വീതം ധനസഹായം നൽകി. ഇവർ വീട്ടു നിർമ്മാണം പൂർത്തിയാക്കി. എന്നാൽ 3 പേർ ധനസഹായം ലഭിക്കുന്നതിനു മുമ്പ് വീട്ടു പണി പൂർത്തിയാക്കിയിരുന്നു. ഇവർ വീട്ടു പൂർത്തീകരിച്ചതിനാൽ ലൈഫ് ഭവന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയില്ല. ഇവർക്ക് 1.00 ലക്ഷം രൂപ വീതം ധനസഹായം നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പഞ്ചായത്ത് തയ്യാറാക്കിയ ഒരു ഭവന പദ്ധതിയിൽപ്പെട്ടവർ പഞ്ചായത്ത് അറിയിച്ചതനുസരിച്ചാണ് പണി പൂർത്തിയാക്കിയതെന്ന് യോഗം വിലയിരുത്തി. പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.6 കാങ്കോൽ ആലപടമ്പ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2019-ലെ കത്തും കങ്കോൽ ആലപ്പടമ്പ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2019-ലെ A3-577/19 -ാം നമ്പർ കത്തും (SRG 1019/19 CC 676/19)**

**പ്രോ.നം. 171/2017** **അടങ്കൽ 13,48,500/- രൂപ**
**(കേന്ദ്രാവിഷ്കൃത വിഹിതം 10,11,375/- രൂപ**
**ധനകാര്യ കമ്മീഷൻ ഗ്രാന്റ് 2,02,275/-രൂപ**
**ഗുണഭോക്തൃ വിഹിതം 1,34,850)**

**പേര് - ബയോ ഡൈജസ്റ്റർ പോട്ട്**

2016-17 വർഷം ബയോ ഡൈജസ്റ്റർ പോട്ട് എന്ന പ്രോജക്ടിന് 18.02.2017-ന് ശുചിത്വ മിഷൻ അംഗീകാരം നൽകി. 2017-18ൽ ടെണ്ടർ ചെയ്ത് അതേ വർഷം പൂർത്തിയാക്കി. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കാത്തതിനാൽ തുക നൽകിയില്ല. ഇപ്പോൾ സ്പിൽഓവറായി തുടരുന്നു. 2016-17-ൽ 90 ശതമാനമായിരുന്നു സബ്സിഡി നിരക്ക്. ഇപ്പോൾ 50 ശതമാനം മാത്രമാണ് സബ്സിഡി. പഴയ നിരക്കിൽ സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രോജക്ട് രൂപീകരിച്ച വർഷത്തെ സബ്സിഡി നിരക്ക് നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.7 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.10.2019-ലെ കത്തും ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 27.08.2019-ലെ 1(2), 1(3), എന്നീ നമ്പറായുള്ള തീരുമാനങ്ങളും ( SRG 64/20 - LSGD/ DB4/264/19- LSGD)**

(1) 2019 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ വളരെയധികം നാശനഷ്ടം സംഭവിച്ച ജില്ലയാണ് മലപ്പുറം എന്നതിനാൽ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതി മേഖലാ വിഭജന നിബന്ധനകളിൽ നിന്നൊഴിവാക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

(2) നിലമ്പൂരിലെ കവളപ്പാറയടക്കമുള്ള പ്രദേശങ്ങളിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് പകരം മറ്റു പ്രദേശത്ത് ഭൂമി കണ്ടെത്തി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് മലപ്പുറം ജില്ലാ കളക്ടറുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)മലപ്പുറം ജില്ലാ കളക്ടർ**

## 4.8 കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്

**കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് ജനറൽ സെക്രട്ടറിയുടെ 03.02.2020-ലെ 441/2020 -ാം നമ്പർ കത്ത്. ( SRG 215/2020)**

കാഴ്ചയുള്ളവർ ഉപയോഗിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട സ്പെസിഫിക്കേഷൻ കാഴ്ച പരിമിതക്കാരുടെ കമ്പ്യൂട്ടറുകൾക്ക് ആവശ്യമാണ്. അതിനാൽ കാഴ്ച പരിമിതർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ഡെസ്ക് ടോപ്/ ലാപ് ടോപ് കമ്പ്യൂട്ടറുകൾ താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാകണമെന്ന ആവശ്യം സംബന്ധിച്ച്

## Specification of Desktop for the Visually Challenged

| product Name | product type | OS/compatibility | Description |
|---|---|---|---|
| Desktop - intel Processor | High end | Ubuntu | Processor: Intel & ampampreg i5 8400@3.6GHZ,6 cores . 9 MB L3 cache,TDP-65W<br>Chipset: Compatible Chipset<br>Motherboard: OEM Motherboard<br>Memory:8GB DDR4 RAM upgradable to 32 GB<br>Hard Disk Drive : 1.OTB 7200 rpm or higher<br>Graphics Adapter : High end Graphics adapter with 2.0GB memory<br>Monitor: 21.5 & ampamprdquo or larger TFT/LED Digital Colour Full HD Monitor with IPS display panel. same make as PC<br>Keyboard: USB interface keyboard same make as PC<br>Mouse: Optical with USB interface same make as PC<br>Ports: 6 USB ports or more (at least 2 USB 3.0 ports and two ports in front panel ( atleast 1 should be USB 3.0)) HDMI/DP Audio Ports<br>Optical Drive : 8 X or better DVD RW Drive<br>Networking Facility : 10/100/1000 on board<br>Integrated network port & ampampamp Wi-Fi<br>802 11 b/g/n connectivity<br>Certifications:<br>a) ROHS Compliance for product<br>b) ISO 14001 for OEM<br>c) EPEAT Registered in India<br>Warranty : 5 Year comprehensive on site warranty including Monitor<br>Operating System & ampampldquo Ubundu 16.04 or later should support & ampampamprdquo |

## Specification of Laptop for the Visually Challenged

| product Name | product type | OS/compatibility | Description |
|---|---|---|---|
| Laptop | Medium end | Ubundu | Processor - Intel core i3 7020 U/7100 U @ 2.3 GHz/2.4GHz, 4 threads, 3 .0 MB cache.<br>Lithography :14nm, TDP- 15W<br>Memory : 8 GB DDR4 RAM<br>Expandable up to at least 16 GB<br>Hard Disk : 1.0 tb,7200rpm or Higher +240 Gb SSD<br>Display : Antyglare HD LED Backit Disply<br>Display Size: 15.6 inch<br>Wireless connectivity : Integrated wireless b/g/n, integrated Bluetooth<br>Optical Drive: 8X or better DVD RW Drive<br>Speaker : Integrated Sterieo Speaker<br>Keryboard : Keyboard with Numerical Keypad and touch pad |

| | | | |
|---|---|---|---|
| | | | Camera: Integrated HD Camera<br>Audio : Integrated<br>Expansion port: 3 USB Port (at least two number of USB 3.0 and one number of type C) 10/100/1000 Eternet Card , HDMI, 1 Head phone/microphone<br>Combo or Separate & other standard features<br>Power Supply: 230V, 50 Hz AC Supply with rechargeable Battery pack Comprising of Li-polymer battery<br>Mouse: Optical Scroll Mouse<br>Carry case : Backpack<br>Weight: Less than or equal to 2.2 Kg Warrenty: 3 year Comprehensive On iste. 1 year for Battery and Charger.<br>Certification:<br>ROHS compliance & BIS for Product<br>Operating System:- Ubuntu 16.04 or later shoud support |

**തീരുമാനം :-** ഇതു വിശദമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഐ.റ്റി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് തീരുമാനിക്കും.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഐ.റ്റി. മിഷൻ ഡയറക്ടർ**

## 4.9 കൊടിയത്തൂർ സഹകരണ ബാങ്ക്

**ബഹു. തിരുവമ്പാടി എം.എൽ.എ.യുടെ 05.11.2019-ലെ കത്ത് കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ബാങ്ക് പ്രസിഡന്റിന്റെ 04.11.2019-ലെ കത്തും (SRG 216/20)**

അമൂൽ കാലിത്തീറ്റയുടെ കോഴിക്കോട് ജില്ലയിലെ വിതരണ ഏജൻസി ബാങ്ക് ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ കാലിത്തീറ്റയ്ക്കുള്ള സബ്സിഡി അമൂൽ കാലിത്തീറ്റ വാങ്ങുന്നവർക്ക് ലഭിക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന കാലിത്തീറ്റ സബ്സിഡി സ്കീമിൽ അമൂൽ കാലിത്തീറ്റ വാങ്ങുന്ന കർഷകരെക്കൂടി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അമൂൽ കാലിത്തീറ്റ വാങ്ങുമ്പോൾ സബ്സിഡി നൽകുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് വാങ്ങി നൽകാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ട് ലഭിക്കുന്നതിനുള്ള തുടർ നടപടി പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കണം.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.10 ചടയമംഗലം ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്ത് (SRG 94/20 CC/71/2020)**

ലൈഫ് ലിസ്റ്റിൽ ഉണ്ടായിരുന്നതും എന്നാൽ കുടുംബ റേഷൻ കാർഡിൽ ഉണ്ടായിരുന്നതിനാൽ ഒഴിവാക്കപ്പെട്ടവരുമായ 27 പേർ ഉണ്ട്. ഇവർക്ക് കൂടി വീട് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.11 മലപ്പുറം ജില്ലാ പഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.10.2019-ലെ കത്തും മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 26.10.2019-ലെ കത്തും (SRG 938/19 - CC 713/19)**

***പ്രോ.നം : 1977/20*** ***അടങ്കൽ 10,00,000/- രൂപ (തനത് ഫണ്ട്)***

***പേര്:- 18 വയസ്സിനു മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക തൊഴിൽ പരിശീലന പരിപാടി***

ഭിന്നശേഷിക്കാരായവർക്ക് ചോക്ക്, മെഴുകുതിരി, കുട, കരകൗശല വസ്തുക്കൾ, ക്ലീനിംഗ് ലോഷൻ, ഡി.റ്റി.പി, ഡിസൈനിംഗ്, ഡ്രോയിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-**
1) പരിശീലനത്തിനു മാത്രമായി പ്രോജക്ട് നടപ്പാക്കാവുന്നതല്ല.
2) പരിശീലനത്തിനുശേഷം തൊഴിലും ഉറപ്പാക്കുന്ന രീതിയിൽ സമഗ്ര പ്രോജക്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.12 യോഗ പരിശീലനം

**ശ്രീമതി. രമ്യ.കെ. കുറ്റിപ്പുറത്ത്, കണ്ണൂർ തുടങ്ങി 8 പേർ ബഹു. വിദ്യാഭ്യാസമന്ത്രിക്കു നൽകിയ കത്തുകൾ (SRG 59/20 - LSGD/DA1/35/2019/LSGD)**

അപേക്ഷകർ കണ്ണൂർ യൂണിവേഴ്സിറ്റിയുടെ Certificate in Yoga Fitness Cource/PG Diploma കോഴ്സ് പൂർത്തിയാക്കിയ യോഗ അദ്ധ്യാപക യോഗ്യതയുള്ളവരാണ്. അംഗീകൃത സർവ്വകലാശാല നൽകുന്ന യോഗ സർട്ടിഫിക്കറ്റ് കോഴ്സ്/ ഡിപ്ലോമ തുടങ്ങിയ കോഴ്സ് പാസ്സായവരെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ യോഗ പരിശീലകരായി ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഇത് സംബന്ധിച്ച് ആയുഷ് ഡയറക്ടറുടെ റിപ്പോർട്ട് ആരായാനും അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാനും തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.13കൊടിയത്തൂർ സഹകരണ ബാങ്ക്

**കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ സഹകരണ ബാങ്ക് പ്രസിഡന്റിന്റെ 08.02.2020-ലെ കത്ത് ( (SRG 217/20)**

സഹകരണ വകുപ്പ് മുഖേന കുന്ദമംഗലം ബ്ലോക്ക് തലത്തിൽ കർഷക സേവനകേന്ദ്രം പദ്ധതി നടപ്പാക്കുന്നതിന് കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്കിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ബ്ലോക്കിൽ പ്രവർത്തിക്കുന്ന ഈ കർഷക സേവന കേന്ദ്രത്തിൽ ഫലവൃക്ഷതൈകൾ, ഇടവിള വിത്തുകൾ, പച്ചക്കറി വിത്തുകൾ, തൈകൾ, മറ്റ വിവിധതരം തൈകൾ, ഗ്രോ ബാഗുകൾ എന്നിവ ഉല്പാദിപ്പിക്കുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ കൃഷി മേഖലയിൽ ഇത്തരം നടീൽ വസ്തുക്കൾ വാങ്ങി നൽകുമ്പോൾ കുന്ദമംഗലം ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷക സേവന കേന്ദ്രത്തിൽ നിന്നു കൂടി വാങ്ങുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** നടീൽ വസ്തുക്കളുടെ ഗുണനിലവാരം ബന്ധപ്പെട്ട കൃഷി ഓഫീസർ ഉറപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.14 ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത്

**ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 02.11.2019-ലെ B - 638/2019-ാം നമ്പർ കത്ത് (SRG 220/20 )**

ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന്റെ ഭാഗമായി തൊഴിലാളികൾക്ക് 6 മാസത്തെ വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിന് 24.10.2018 ൽ ഉത്തരവായിട്ടുണ്ട്. ഷ്രെഡ്ഡ് ചെയ്ത പ്ലാസ്റ്റിക് വില്പന നടത്താൻ കഴിയാത്തതിനാൽ ഇനിയും 6 മാസത്തേയ്ക്ക് കൂടി വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 27.09.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരമുള്ള നിരക്കിൽ 6 മാസത്തേയ്ക്ക് കൂടി നൽകാൻ പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4..15 തുമ്പമൺ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.12.2019-ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 24.09.2018-ലെ 1/7-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1143/19/CC/209/2018)**

സ്ട്രീറ്റ് ലൈറ്റുകൾക്ക് വൈദ്യുതി മീറ്റർ സ്ഥാപിക്കുന്നതിന് 06.08.2015 ൽ 3,81,600/- രൂപ (വികസന ഫണ്ട്) കെ.എസ്.ഇ.ബി.യ്ക്ക് ഡെപ്പോസിറ്റ് ചെയ്തു. 2 വർഷത്തിനുശേഷം മീറ്റർ സ്ഥാപിച്ചു. ഇതിന്റെ ഫലമായി മാസംതോറുമുള്ള വൈദ്യുതി ബിൽ 64,616/- രൂപയിൽ നിന്ന് 22,151/- രൂപയായി കുറഞ്ഞു. 5 വർഷത്തെ ഗ്യാരന്റിയുണ്ടായിരുന്നു. എന്നാൽ മാസങ്ങൾക്കുശേഷം മീറ്റർ കേടായി.

കമ്പനി റിപ്പയർ ചെയ്യുന്നില്ല. ഈ സാഹചര്യത്തിൽ ഇതിന്റെ റിപ്പയറിംഗ് പ്ലാൻ ഫണ്ട്/ തനതു ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ മീറ്റർ സ്ഥാപിച്ച JILCO കമ്പനിക്കെതിരെ നടപടിയെടുക്കണമെന്ന അവശ്യവും സംബന്ധിച്ച്

**തീരുമാനം :-** പിന്നീട് പരിഗണിക്കും KSEBയിലെ ഉദ്യോഗസ്ഥരെക്കൂടി അടുത്ത കോഓർഡിനേഷൻ കമ്മിറ്റിയിൽ വിളിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.16 നിരണം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.12.2019-ലെ കത്ത് (SRG 1144/19/CC/798/2019)**

***പ്രോ.നം. 84/20*** ***അടങ്കൽ 3,00,000/- രൂപ***
***(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര്- സ്കൂൾ കുടിവെള്ള പദ്ധതി***

പഞ്ചായത്തിലെ സർക്കാർ സ്കൂളിനോടൊപ്പം എല്ലാ എയ്ഡഡ് സ്കൂളുകൾക്കും പൈപ്പ് കണക്ഷൻ നൽകുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കുടിവെള്ളം നൽകുന്നതിനായതിനാൽ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.17 പ്രമാടം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.12.2019-ലെ കത്ത് (SRG 1145/19/CC/801/2019)**

***പ്രോ.നം. 16/20*** ***അടങ്കൽ 39,06,250/- രൂപ***
***(വികസനഫണ്ട് - 10,00,000/- രൂപ***
***ബ്ലോക്ക് വിഹിതം - 15,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം - 6,25,000/- രൂപ***
***ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കുന്നത് 7,81,250/രൂപ)***

***പേര് - പന്നി ശല്യത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കൽ***

പന്നി ശല്യത്തിൽ നിന്നും കൃഷിയെ സംരക്ഷിക്കുന്നതിന് കൃഷിക്കാർക്ക് ടിൻഷീറ്റ് വാങ്ങി നൽകുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രമാടം ഗ്രാമപഞ്ചായത്തടക്കം കോന്നി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകൾ ഇത്തരം പ്രോജക്ടുകൾ എടുത്തിട്ടുണ്ടെന്ന് യോഗം വിലയിരുത്തി. 6 ഗ്രാമപഞ്ചായത്തിനും കൂടി ആകെ 139.01 ലക്ഷം രൂപ.

ഇതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ആര്,

ഷീറ്റിന്റെ ഘനം, വില, നൽകുന്ന സബ്സിഡി നിരക്ക് തുടങ്ങിയതടക്കം വിശദമായ റിപ്പോർട്ട് ജില്ലാ പ്ലാനിംഗ് ഓഫീസർക്ക നൽകണം, റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.18 മൈലപ്ര ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.12.2019-ലെ കത്ത് (SRG 1146/19/CC/785/2019)**

*പ്രോ.നം. 160/20* *അടങ്കൽ 9,37,500/ രൂപ*

*(തനത് ഫണ്ട് 50,000/- രൂപ*

*ബ്ലോക്ക് വിഹിതം - 7,00,000/- രൂപ*

*ഗുണഭോക്തൃ വിഹിതം - 1,87,500/- രൂപ)*

***പേര് - വന്യ മൃഗങ്ങളിൽ നിന്നും കൃഷിക്ക് സംരക്ഷണം***

കൃഷിയെ വന്യമൃഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് കർഷകർക്ക് ടിൻഷീറ്റ് വാങ്ങി നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ക്രമ നം.4.17 ന്റെ തീരുമാനം ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.19 വള്ളിക്കോട് ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.12.2019-ലെ കത്ത് (SRG 1147/19/CC/719/2019)**

*പ്രോ.നം. 278/20* *അടങ്കൽ - 29,33,333/ രൂപ*

*(തനത് ഫണ്ട് - 5,00,000/- രൂപ*

*ബ്ലോക്ക് വിഹിതം - 10,00,000/- രൂപ*

*ജില്ലാ പഞ്ചായത്ത് വിഹിതം - 7,00,000/-രൂപ*

*ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത് - 7,33,333- രൂപ)*

***പേര് - വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും കൃഷി വിളകൾക്ക് സംരക്ഷണം***

കൃഷി വിളകളെ പന്നിശല്യത്തിൽ നിന്നും സംരക്ഷിക്കുന്നതിന് കർഷകർക്ക് ടിൻഷീറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ട് നടപ്പാക്കാൻ കഴിയുമോ എന്ന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ക്രമ നം.4.17 ന്റെ തീരുമാനം ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.20 ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.12.2019-ലെ കത്ത് (SRG 1150/19/CC/913/2019)**

*പ്രോ.നം. 154/20* *അടങ്കൽ - 3,28,500/- രൂപ*

*(വികസന ഫണ്ട് - 2,29,950/- രൂപ*

*സംഭാവന - 98,550/- രൂപ*

***പേര് - കഞ്ഞാവക്കൊരു ഹരിതവാടി***

അംഗനവാടികളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഗ്രോബാഗും ചട്ടികളും വാങ്ങി നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** കഴിവതും പ്ലാസ്റ്റിക് ഗ്രോ ബാഗ് ഒഴിവാക്കണം. മൺചട്ടികൾ പരമാവധി ഉപയോഗിക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.21 കല്ലിയൂർ ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.12.2019-ലെ കത്തും കല്ലിയൂർ ഗ്രാമപഞ്ചായത്തിന്റെ 05.11.2019-ലെ 1(8)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1152/19 - CC/784/2019)**

*പ്രോ.നം. 122/19* *അടങ്കൽ - 4,99,000/- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര് - പൂങ്കുളം ചാനൽകര കോളിയൂർ ബണ്ട് റോഡ് പാർശ്വഭിത്തി നിർമ്മാണം***

2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഈ പ്രോജക്ട് 24.05.2019-ൽ പൂർത്തിയാക്കി ബിൽ തയ്യാറാക്കി. എന്നാൽ 2019-20-ലെ പദ്ധതിയിൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയി. സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.**

## 4.22 കുരാച്ചുണ്ട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.12.2019-ലെ കത്തും കുരാച്ചുണ്ട് പഞ്ചായത്ത് ഭരണസമിതിയുടെ 05.10.2019-ലെ യോഗത്തിന്റെ 11(8)-ാം നമ്പർ തീരുമാനവും (SRG 1126/19/CC/767/2019)**

*പ്രോ.നം. 85/20* *അടങ്കൽ - 30,000/- രൂപ ( TSP)*

***പേര് - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ് ടോപ്***

പഞ്ചായത്തിലെ പട്ടികവർഗ്ഗ കോളനിയിലെ പണിയ വിഭാഗത്തിൽപ്പെട്ട സുനിത എന്ന വിദ്യാർത്ഥി SSLC യിൽ എല്ലാ വിഷയത്തിനും A+ നേടുകയും മികച്ച രീതിയിൽ +2 പാസാവുകയും ചെയ്തു. ഇപ്പോൾ TTCക്ക പഠിക്കുന്നു . ഈ വിദ്യാർത്ഥിക്ക് ലാപ് ടോപ് നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.23 ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

**ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 10.01.2020-ലെ C2 - 1921/18-ാം നമ്പർ കത്തും. ഭരണസമിതിയുടെ 06.01.2020-ലെ IV(1) -ാം നമ്പർ ഭരണസമിതി തീരുമാനവും ബ്ലോക്ക് പഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 25 ഓളം നിവാസികളുടെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2018-ലെ യോഗ തീരുമാനവും (SRG 126/20)**

2017-18-ൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 60 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകാൻ പ്രോജക്ട് തയ്യാറാക്കിയിരുന്നു. അന്നത്തെ ഉത്തരവു പ്രകാരം 1.00 ലക്ഷം രൂപയായിരുന്നു നിരക്ക് 49 പേർ പണിപൂർത്തിയാക്കി 49.00 ലക്ഷം രൂപ ഇവർക്ക് നൽകി. 6 പേർക്ക് 90,000/- രൂപ വീതം നൽകി. 5 പേർക്ക് ആദ്യ ഗഡുവായി 50,000/- രൂപയും നൽകി. പിന്നീട് നിരക്ക് 2.00 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. പഠനമുറി പണിതവർക്ക് അധികമായി 1.00 ലക്ഷം രൂപ കൂടി നൽകണമെന്നാവശ്യപ്പെട്ടിരുന്നുവെങ്കിലും 16.10.2018-ലെ കോഓർഡിനേഷൻ കമ്മിറ്റി അനുമതി നിരസിച്ചു. ഇതു പുനപരിശോധിക്കണമെന്നും പണി പൂർത്തീകരിച്ചവർക്ക് വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ബാക്കി തുക കൂടി നൽകണമെന്നും ഉള്ള ആവശ്യം സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.24 ഞീഴൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.12.2019-ലെ കത്തും ഞീഴൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.11.2019-ലെ യോഗത്തിന്റെ 2(2)-ാം നമ്പർ തീരുമാനവും (SRG 1135/19 - CC/949/2019)**

***പ്രോ.നം. 185/20*** ***അടങ്കൽ - 2,50,000/- രൂപ***

***(ജൈവ വൈവിധ്യ ബോർഡ് വിഹിതം )***

***പേര് - നാടൻ മാവ്, പ്ലാവ് എന്നിവയുടെ സംരക്ഷണം***

ഞീഴൂർ പഞ്ചായത്തിലെ നാടൻ മാവുകളും പ്ലാവുകളും സംരക്ഷിച്ചു നിലനിർത്തുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കൽ ജില്ലാ ആസൂത്രണസമിതി പ്രാഥമിക അനുമതി നൽകിയില്ല. ഇതു തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.25 തുമ്പമൺ ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2019-ലെ കത്തും തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 25.11.2019-ലെ 1(5) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1138/19 - CC/918/2019)**

2013-14, 2014-15, 2015 -16 വർഷങ്ങളിലെ മികച്ച പ്രാദേശിക സർക്കാരിനുള്ള അവാർഡായി 35 ലക്ഷം രൂപ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ലഭിച്ചിരുന്നു. (2018-

19-ൽ 25 ലക്ഷം രൂപയും 2019-20-ൽ 10 ലക്ഷം രൂപയും)പൊതു വിഭാഗം വികസനഫണ്ടായാണ് തുക ലഭിച്ചത്. 31.03.2019 നകം ഈ തുക മുഴുവൻ ചെലവഴിച്ചില്ല. അതിനാൽ 10,01,878/- രൂപ ലാപ്സായി. പഞ്ചായത്തിന് ഒരു പുതിയ വാഹനം വാങ്ങുന്നതിനായി ഈ തുക പുനരനുവദിക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ആവശ്യം ധന വകുപ്പിന്റെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു

**നടപടി:- 1)തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2)ധന വകുപ്പ്**

## 4.26 കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

**ബഹു. തിരൂർ എം.എൽ.എയുടെ 03.01.2020 -ലെ കത്തും കല്പകഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 27.12.2019 -ലെ A2-5511/19-ാം നമ്പർ കത്തും പഞ്ചായത്ത് ഭരണസമിതിയുടെ 23.12.2019-ലെ KP/28/2/113/19-ാം നമ്പർ തീരുമാനവും (SRG 3/2020)**

പഞ്ചായത്തിൽ കല്ലിങ്ങൽ ലക്ഷം വീട് കോളനിയിലെ 7 ഇരട്ട വീടുകൾ ( 14 കുടുംബം) ജീർണ്ണിച്ച അവസ്ഥയിലാണ്. ഇതിൽ 7 കുടുംബത്തിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് തുക അനുവദിക്കാമെന്നറിയിച്ചിട്ടുണ്ട്. ശേഷിക്കുന്ന 7 കുടുംബത്തിന് തനത് ഫണ്ടായി 28 ലക്ഷം രൂപ വകയിരുത്തി ഒറ്റ വീട് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.27 നോർത്ത് പറവൂർ മുനിസിപ്പാലിറ്റി

**വടക്കൻ പറവൂർ നഗരസഭാ ചെയർമാന്റെ 06.02.2020-ലെ G4-10958/18-ാം നമ്പർ കത്ത്. (SRG 221/20)**

നഗരസഭയ്ക്ക് നൽകിയ രണ്ടാം ഗഡുവിൽ നിന്ന് വാട്ടർ ചാർജ് കുടിശ്ശികയടക്കം തുക ഉറവിടത്തിൽ കുറവ് ചെയ്തതിനാൽ അനിവാര്യ പ്രോജക്ടുകൾക്കു പോലും ഫണ്ടില്ല.

പ്രളയം ബാധിച്ച പ്രദേശമെന്ന നിലയിൽ 1,22,52,000/- രൂപ പ്രത്യേകമായി അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും 31.03.2020-നകം മുഴുവൻ തുകയും ചെലവഴിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഈ തുക നഗരസഭയുടെ അനിവാര്യ പ്രോജക്ടുകൾക്കു വേണ്ടി ഈ വർഷം ഉപയോഗിക്കാനും ഇതിനു തുല്യമായ തുക അടുത്ത വർഷം വികസന ഫണ്ടിൽ നിന്ന് ക്രമപ്പെടുത്താനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-**
1) ആവശ്യം പിന്നീട് പരിഗണിക്കാനായി മാറ്റി വച്ചു.
2) എന്നാൽ വാട്ടർ ചാർജ് കുടിശ്ശികയായി 1,27,95,276 /-രൂപയാണ് ഈ വർഷം കുറവു ചെയ്തത് ഇത്രയും കടിശ്ശിക വന്നത് മുൻകാലങ്ങളിൽ നഗരസഭയുടെ ഭാഗത്തു

നിന്നുണ്ടായ വീഴ്ചയാണെന്നും യോഗം വിലയിരുത്തി. ഈ വീഴ്ച പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) നഗരകാര്യ ഡയറക്ടർ**

## 4.28 തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2020-ലെ കത്തും തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 01.11.2019-ലെ A1-1013/19-ാം നമ്പർ കത്തും കണ്ണൂർ ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 13.02.2020-ലെ A/785/18/Life നമ്പർ കത്തും (SRG 24/20 - CC/917/2019)**

***പ്രോ.നം. 33/20 അടങ്കൽ - 32,00,000/- രൂപ***
***(വികസന ഫണ്ട് - 30,95,400/- രൂപ***
***ബ്ലോക്ക് വിഹിതം - 1,04,600/- രൂപ )***

***പേര് - ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി***

ലൈഫ് ഭവന പദ്ധതിയിൽ ഒന്ന്, രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കി. മൂന്നാം ഘട്ടത്തിൽ (ഭൂരഹിത ഭവന രഹിതർ) ഒരാൾ മാത്രമാണ് അർഹതയുള്ള ഗുണഭോക്താവ് - ഇതിനായി 6 ലക്ഷം രൂപ മാത്രമേ ആവശ്യമുള്ളൂ. അതിനാൽ ബാക്കിയുള്ള 26.00 ലക്ഷം രൂപ PMAY പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനോ ലൈഫ് ഭവന വായ്പാ തിരിച്ചടവിനോ ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പഞ്ചായത്തിന്റെ ആവശ്യം പരിഗണിക്കാവുന്നതാണെന്ന് ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്റർ അറിയിച്ചതനുസരിച്ച് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.29 കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2019 -ലെ കത്തും കുറവിലങ്ങാട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 28.10.2019-ലെ 1(3) -ാം നമ്പർ തീരുമാനവും (SRG 955/19 - CC/738/2019)**

***പ്രോ.നം. 99/20 അടങ്കൽ - 3,00,000/- രൂപ (തനത് ഫണ്ട്)***

***പേര് - പ്ലാസ്റ്റിക് നിയന്ത്രണത്തിന് എല്ലാ വീട്ടിലും ജൂട്ട് ബാഗ്***

എല്ലാ വീട്ടിലും 75 ശതമാനം സബ്സിഡിയോടെ ജൂട്ട് ബാഗ് നൽകാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ചു. പ്രോജക്ട് തയ്യാറാക്കാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.30 ഉഴവൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.11.2019 -ലെ കത്ത് (SRG 956/19 - CC/483/2019)**

*പ്രോ.നം. 59/20* *അടങ്കൽ - 2,00,064/- രൂപ*
*(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)*

***പേര് - സ്കൂളുകൾക്ക് ഷീ പാഡ് പദ്ധതി***

ഗ്രാമപഞ്ചായത്തിലെ രണ്ട് എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകൾക്ക് വേണ്ടിയാണ് ഈ പ്രോജക്ട് തയ്യാറാക്കുന്നത്. ഇൻസിനറേറ്റർ, അലമാര, സാനിട്ടറി പാക്കറ്റ് എന്നിവ ഈ സ്കൂളുകൾക്കു നൽകാനാണ് ഉദ്ദേശിക്കുന്നത്. ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നിരസിച്ച ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.31 കുരോപ്പട ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.10.2019 -ലെ കത്ത് (SRG 898/19 - CC/622/2019)**

*പ്രോ.നം. 153/20* *അടങ്കൽ - 4,10,000/- രൂപ*
*(ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,21,015/- രൂപ*
*തനത് ഫണ്ട് - 2,48,985/- രൂപ*
*മെയിന്റനൻസ് ഗ്രാന്റ് (റോഡ്) - 40,000/- രൂപ)*

***പേര് - സ്വദേശ് ലൈബ്രറി, ളാക്കാട്ടൂർ - ഗ്രാമകേന്ദ്രം പൂർത്തീകരണം***

സ്വദേശ് ലൈബ്രറി ളാക്കാട്ടൂർ ഗ്രാമകേന്ദ്രം പൂർത്തീകരണത്തിനുള്ള പ്രോജക്ട് തയ്യാറാക്കാൻ ജില്ലാ ആസൂത്രണസമിതി പ്രാഥമിക അംഗീകാരം നൽകിയിട്ടില്ല. പ്രത്യേകാനുമതി സംബന്ധിച്ച്.

**തീരുമാനം :-** റോഡ് മെയിന്റനൻസ് വിഹിതമായി ഉൾപ്പെടുത്തിയിരിക്കുന്ന 40,000/- രൂപ ഒഴിവാക്കണമെന്ന നിബന്ധനയോടെ പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.32 നൊച്ചാട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2019 -ലെ കത്ത് (SRG 946/20 - CC/720/2019)**

*പ്രോ.നം. 46/20* *അടങ്കൽ -4,00,000/- രൂപ*
*(റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര് -കരിമ്പാംകുന്ന് ചെറുകുന്ന് താഴെ കനാൽ റോഡ്***

കരിമ്പാംകുന്ന് ചെറുകുന്ന് കനാൽ റോഡ് ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലൂടെയാണ് കടന്നു പോകുന്നത്. റോഡിന്റെ

നിർമ്മാണ/അറ്റകുറ്റപ്പണി നടത്താൻ ഇറിഗേഷൻ വകുപ്പ് അനുമതി നൽകിയില്ല. അതിനാൽ തുക ഇറിഗേഷൻ വകുപ്പിന് ഡെപ്പോസിറ്റ് ചെയത് പ്രവൃത്തി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പിന്നീട് പരിഗണിക്കാനായി മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.33 പനങ്ങാട് ഗ്രാമപഞ്ചായത്ത്

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.11.2019-ലെ കത്തും പനങ്ങാട് പഞ്ചായത്ത് ഭരണസമിതിയുടെ 23.09.2019-ലെ 2(4)-ാം നമ്പർ തീരുമാനവും (SRG 947/19- CC/708/19 )**

***പ്രോ.നം.22/20*** ***അടങ്കൽ :-1,25,000/- രൂപ (തനത് ഫണ്ട്)***

***പേര് - സമഗ്ര വിദ്യാഭ്യാസ പരിപാടി***

പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന മികച്ച നിലവാരം പുലർത്തുന്ന കുട്ടികൾക്ക് കുസാറ്റ്, സ്വാമിനാഥൻ ഫൗണ്ടേഷൻ തുടങ്ങിയ ഗവേഷണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് പഠനയാത്രയാണ് പ്രോജക്ടിന്റെ പ്രവർത്തനം. ഇതിനായി അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.34 കൊല്ലം ജില്ലാ പഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.02.2020 ലെ കത്ത് (SRG 172/20 - CC/101/20)**

***പ്രോ.നം. 1073/20*** ***അടങ്കൽ - 15,00,000/-രൂപ (വികസന ഫണ്ട്)***

***പേര് - വീർ ജവാൻ ജ്യോതി - ധീര ജവാൻമാർക്ക് സ്മാരകം നിർമ്മിക്കാൻ പദ്ധതി***

40 ലക്ഷം രൂപ അടങ്കൽ പ്രതീക്ഷിച്ച് ബഹുവർഷ പ്രോജക്ടായാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിനായി പത്തനാപുരം ഗ്രാമപഞ്ചായത്തിൽ കേരള സ്റ്റേറ്റ് സർവീസ് ലീഗിന്റെ പത്തനാപുരം യൂണിറ്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടുതരാമെന്ന് സംഘടന അറിയിച്ചിട്ടുണ്ട്. ജില്ലയിലെ വീരമൃത്യുവരിച്ച ജവാന്മാരുടെ ഫോട്ടോ അടങ്ങുന്ന ഗ്യാലറി, യുദ്ധക്കപ്പൽ, യുദ്ധ വിമാനങ്ങൾ, വിവിധതരം റൈഫിൾസ്, പ്രതിരോധ മേഖലയിലെ വിവിധതരം ഉപകരണങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിവു നൽകുന്ന മ്യൂസിയം എന്നിവയാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. വീര സൈനികരുടെ സ്മരണ നിലനിർത്തുന്നതിനുള്ള ഈ പദ്ധതി നൂതന പ്രോജക്ടായാണ് ഉൾപ്പെടുത്തി യിരുന്നത്. ജില്ലാതല കമ്മിറ്റി ഇത് അംഗീകരിച്ചില്ല. പ്രത്യേകാനുമതി സംബന്ധിച്ച് .

**തീരുമാനം :- 1)** അടുത്ത കോഓർഡിഷൻ കമ്മിറ്റിയിൽ പരിഗണിക്കാനായി മാറ്റി വച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.35 വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത്

**വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.08.2019-ലെ A4- 3144/2019--ാം നമ്പർ കത്ത്.(SRG 928/19- LSGD - FM3/322/2019/LSGD)**

2018-ലെ പ്രളയത്തിൽ വലിയ നാശനഷ്ടം പഞ്ചായത്തിൽ സംഭവിച്ചു. പഞ്ചായത്ത് ഭരണ സമിതിയെടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന വയിന്മേൽ പ്രത്യേക അനുമതി നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

(1) 2019-ലെ രൂക്ഷമായ വരൾച്ച മൂലം 12.04.2019- മുതൽ 09.06.2019 വരെയുള്ള ദിവസങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തു, 15,18,763/ രൂപ ഇതിനായി ചെലവായി. സർക്കാർ ഉത്തരവു പ്രകാരം ഇതിന് ചെലവഴിക്കാവുന്ന തുക 11.00 ലക്ഷം രൂപയാണ്. അധികമായി ചെലവഴിച്ച 4,18,763 രൂപ തനത് ഫണ്ട് ഉപയോഗിച്ച് നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

(2) 2018-ലെ മഹാപ്രളയത്തിൽ സംരക്ഷണഭിത്തി തകർന്നത് മൂലം അപകടാവസ്ഥയിലായ വീടുകളുടെ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് സാമ്പത്തിക അനുമതി (അധിക സഹായം) നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** തനത് ഫണ്ടോ വികസന ഫണ്ടോ ഇതിനായി ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

(3) പട്ടയമില്ലാത്ത ഭൂമിയിൽ കുടിവെള്ള ആവശ്യത്തിനായി നിർമ്മിച്ചിരിക്കുന്ന മോട്ടോർ പുരകൾക്ക് താൽക്കാലിക നമ്പർ നൽകുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇത് ഇടുക്കി ജില്ലാ കളക്ടറുടെ പരിഗണനയ്ക്ക് നൽകാൻ തീരുമാനിച്ചു.

**നടപടി:- 1)തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**
**2)ഇടുക്കി ജില്ലാ കളക്ടർ**

## 4.36 മാഞ്ഞൂർ ഗ്രാമപഞ്ചായത്ത്

**പഞ്ചായത്ത് ഡയറക്ടറുടെ 24.12.2019-ലെ PAN /11008/2019 C2(DP) നമ്പർ കത്തും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറയുടെ 15.07.2016-ലെ കത്തും മാഞ്ഞൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.07.2016-ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 222/20-LSGD - DB2/3/2020- LSGD )**

പഞ്ചായത്ത് ഒൻപതാം പഞ്ചവൽസര പദ്ധതിക്കാലത്ത് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി കുറുപ്പന്തറ ബസ്സ്റ്റാന്റിനു സമീപം കെട്ടിടം പണിതിരുന്നു. ഈ കെട്ടിടം പോലീസ് സ്റ്റേഷനു സൗജന്യമായി വിട്ടു നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഈ കെട്ടിടം സർക്കാരിന്റെ വിശപ്പ രഹിത കേരളം സ്റ്റാളിന്റെ പ്രവർത്തനത്തിന് പരിഗണിക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.37 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.11.2019-ലെ കത്തും ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 25.10.2019-ലെ 5(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/ 1005/19- CC/814/19 )**

***പ്രോ.നം.1495/20*** ***അടങ്കൽ :-10,00,000/- രൂപ (വികസന ഫണ്ട്)***

***പേര് - പള്ളിവാസൽ പഞ്ചായത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട്***

ഇടുക്കി ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി വന്നിരുന്ന ജല വൈദ്യുത പദ്ധതിയായ പള്ളിവാസൽ പഞ്ചായത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ട് ശരാശരി 18 KWവൈദ്യുതി ഉല്പാദിപ്പിക്കുന്നു. ഇതിന്റെ ഉല്പാദനശേഷി കൂട്ടി പുനരുദ്ധരിക്കാനുള്ള ബഹു വർഷ പ്രോജക്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഈ പ്രവൃത്തി നടത്താൻ എനർജി മാനേജ്മെന്റ് സെന്ററിന് തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന് KSEB യുടെ മുൻകൂർ അനുമതി വാങ്ങണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. കൂടാതെ ധനവകുപ്പിന്റെ അനുമതിയും വാങ്ങണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.38 മൊകേരി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2019-ലെ കത്ത് (SRG/ 1020/19- CC/726/19 )**

***പ്രോ.നം.13/20*** ***അടങ്കൽ :-13,41,000/- രൂപ (വികസന ഫണ്ട്)***

***പേര് - ലൈഫ് ഭവന പദ്ധതി***

മൊകേരി പഞ്ചായത്തിൽ 29 ആശ്രയ കുടുംബങ്ങളാണുള്ളത്. ഇവരിൽ 5 പേർക്ക് സ്വന്തമായി ഭവനമില്ല. ഇവർ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇവർക്കു കൂടി ഭവനം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇവർ ആശ്രയ കുടുംബമാണോ, ഇവർ ലൈഫ് മിഷൻ ലിസ്റ്റിൽ ഉൾപ്പെടാതെ പോയതിന്റെ കാരണം തുടങ്ങിയ വിവരങ്ങൾ അന്വേഷിച്ച

റിപ്പോർട്ട് ചെയ്യാൻ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ**

## 4.39 ആറളം ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2019-ലെ കത്ത് (SRG/ 1021/19-CC/757/19 )**

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ നേഴ്സറി തുടങ്ങുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ആറളം ഫാമിംഗ് കോർപ്പറേഷനിൽ നിന്ന് 2017-18-ൽ കശുമാവിൻ വിത്ത് വാങ്ങിയിരുന്നു. 50,000 തൈകൾ ഉല്പാദിപ്പിക്കാൻ 500 കിലോ കശുവണ്ടിയാണ് വാങ്ങിയത്. ആകെ ചെലവ് 78,750 രൂപ. ഈ ചിലവ് MGNREGS ന്റെ എസ്റ്റമേറ്റിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതിനാൽ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകാൻ പ്രോജക്ട് തയ്യാറാക്കൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.40 പെരളശ്ശേരി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 21.11.2019-ലെ കത്തും പെരളശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.11.2019 -ലെ A2 5437/2018-നമ്പർ കത്തും (SRG/ 1022/19- CC/768/19 )**

***പ്രോ.നം. 135/20*** ***അടങ്കൽ 5,00,000/-രൂപ***
***(തനത് ഫണ്ട് 1,00,000/- രൂപ***
***ലോൺ 4,00,000/- രൂപ )***

***പേര് - സ്ത്രീ സൗഹൃദം - വനിതകൾക്ക് സൈക്കിൾ***

16-നും 50 വയസ്സിനുമിടയിലുള്ള വനിതകൾക്ക് 20 ശതമാനം സബ്സിഡിയോടെ സൈക്കിൾ വാങ്ങി നൽകാനുള്ള പ്രോജക്ടിന് ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചിരുന്നു. സബ്സിഡി നിരക്ക് 40 ശതമാനമാക്കി നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** അനുമതി നിരസിച്ചു.
ഏതെങ്കിലും തൊഴിലിന്റെ ഭാഗമായല്ലാതെ വനിതകൾക്ക് സൈക്കിൾ വിതരണം നടത്താവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.41 വടകരപതി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.12.2019-ലെ കത്തും വടകരപതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 05.12.2019 -ലെ കത്തും (SRG/ 1106/19-CC/939) (SRG/ 1108/19- CC/940/19)** *(2 കത്തുകൾ)*

*1) പ്രോ.നം. 147/20 അടങ്കൽ 1,00,000/-രൂപ (തനത് ഫണ്ട്)*

***പേര് - നല്ലൂർ പുതിയ ബോർവെൽ നിർമ്മാണം***

**2) പ്രോ.നം. 148/20 അടങ്കൽ 1,50,000/- രൂപ (തനത് ഫണ്ട്)**

***പേര് - കോഴിപ്പാറ പുതിയ ബോർവെൽ നിർമ്മാണം***

ബോർവെൽ നിർമ്മാണത്തിനുള്ള മുകളിൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ 2017-18-ൽ സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും കൂടാതെ നടപ്പാക്കി. ഈ നടപടി ക്രമങ്ങൾ പാലിക്കാതെ നടപ്പാക്കിയതിനാൽ ബിൽ തുക നൽകാൻ കഴിഞ്ഞില്ല. ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരിക്കുന്ന ഈ പ്രോജക്ടിൽ നിന്നും തുക നൽകാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഇതിന്മേൽ ഓഡിറ്റ് കുറിപ്പുണ്ടോ, വാല്യുവേഷൻ മറ്റ വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തസ്വഭവ**

## 4.42 തിരൂർ ബ്ലോക്ക് പഞ്ചായത്ത്

**തിരൂർ പഞ്ചായത്ത് പ്രസിഡന്റിന്റെ 11.02.2020-ലെ കത്തും 11.02.20-ലെ 3(1) - ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/ 223/20 )**

തിരൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20-ലെ വാർഷിക പദ്ധതിയിൽ ഇനിയും ചെലവഴിക്കാൻ സാധിക്കാത്ത തുക മേഖലാ വിഭജനത്തിൽ നിന്നൊഴിവാക്കി PMAY പദ്ധതി, ലൈഫ് ഭവന പദ്ധതി, വെട്ടം, പുറത്തൂർ സി.എച്ച്.സികളിലെ സായാഹ്ന ഒ.പി. ജീവനക്കാരുടെ വേതനം നൽകുന്ന പദ്ധതിയിലേയ്ക്ക് വകമാറ്റാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** മേഖലാ വിഭജനം ഒഴിവാക്കണമെന്ന ആവശ്യം നിരസിച്ചു. എന്നാൽ മറ്റ പ്രോജക്ടുകൾ മാർഗ്ഗ നിർദ്ദേശ പ്രകാരം എടുക്കാവുന്നതാണ്.

**നടപടി :- 1) തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ**
**തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.43 സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ 06.02.2020-ലെ PL-18705/2019/DES നമ്പർ കത്തും 24.02.2020 -ലെ ഇതേ നമ്പർ കത്തും ( 2 എണ്ണം) (SRG 224/20)

മിഷൻ അന്ത്യോദയ വിവരശേഖരണവും വെബ് പോർട്ടലിലേയ്ക്ക് ഡാറ്റ അപ് ലോഡ് ചെയ്യുന്നതിനും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിരുന്നു. 2019 വർഷത്തെ മിഷൻ അന്ത്യോദയ സർവ്വേയുടെ വിവരശേഖരണം., ഡാറ്റാ അപ് ലോഡിംഗ് എന്നിവ യഥാസമയം പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പിലെ ഇൻവെസ്റ്റിഗേറ്റർമാരുടെ ദൈനംദിന ജോലികൾക്ക് പുറമെ അധികജോലി ആയിട്ടാണ് മിഷൻ അന്ത്യോദയ സർവ്വേ ചെയ്തിട്ടുള്ളത്. മിഷൻ അന്ത്യോദയ വിവരശേഖരണവും ഡാറ്റ അപ് ലോഡിംഗും നടത്തിയ ജീവനക്കാർക്ക് പ്രതിദിനം 300/- രൂപ നിരക്കിൽ ചുവടെ ചേർക്കുന്ന രീതിയിൽ ഓണറേറിയം അനുവദിക്കണമെന്നതു സംബന്ധിച്ച്

| | | |
|---|---|---|
| 1 | ഫീൽഡ്തല ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം (ഒരു പഞ്ചായത്തിൽ 2 പേർ വീതം രണ്ടു ദിവസം 941X300X4) | 11,29,200/- രൂപ |
| 2 | ഷെഡ്യൂളുകൾ ഫോട്ടോകോപ്പി എടുത്ത ചെലവ് | 15,000/- രൂപ |
| | **ആകെ** | **11,44,200/- രൂപ** |

**തീരുമാനം :-** MGNREGS ന്റെ ഭരണ ചെലവ് ഇനത്തിൽ നിന്ന് മുകളിൽ പറഞ്ഞ തുക നൽകുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.44 തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്തും തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്തിന്റെ 16.01.2020-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG/ 102/20- CC/61/20 )**

***പ്രോ.നം. 228/20*** ***അടങ്കൽ 30,00,000/-രൂപ (തനത് ഫണ്ട്)***

***പേര് - പഞ്ചായത്ത് ഓഫീസിനാവശ്യമായ സ്ഥലം വാങ്ങൽ***

2017-18ൽ പഞ്ചായത്ത് ഓഫീസിനാവശ്യമായ സ്ഥലം വാങ്ങുന്നതിന് പ്രോജക്ട് വകയിരുത്തിയിരുന്നു.(പ്രോ.നം. 102/18 - അടങ്കൽ 30.00 ലക്ഷം രൂപ. 30 സെന്റ് സ്ഥലം) സ്ഥലം വാങ്ങുന്നതിന് ടെണ്ടർ അടക്കമുള്ള നടപടികൾ പൂർത്തിയാക്കി 2018-19-ൽ ഇതു സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നു. പട്ടാമ്പി തഹസിൽദാർ മതിപ്പുവില നിശ്ചയിച്ചു നൽകിയത് 15.04.2019 ആണ്. പിന്നീട് ഈ പ്രോജക്ട് ഉപേക്ഷിച്ചു. 20 സെന്റ് സ്ഥലം 1.50 ലക്ഷം രൂപയ്ക്ക് (ഒരു സെന്റിന്റെ വില) വാങ്ങുന്ന രീതിയിൽ ക്രമപ്പെടുത്തി. അടങ്കൽ 30.00 ലക്ഷം രൂപ. 2019-20-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18-ൽ സ്വീകരിച്ച ടെണ്ടർ നടപടിക്രമം പാലിച്ച് ഈ വർഷത്തെ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്മേൽ വകുപ്പുതലത്തിൽ തീരുമാനമെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.45 വയനാട് ജില്ലാ പഞ്ചായത്ത്

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.01.2020-ലെ കത്ത് (SRG/ 1/20-CC/1344/19 )**

*പ്രോ.നം. 249/20* *അടങ്കൽ 10,00,000/-രൂപ (വികസനഫണ്ട് (ജനറൽ)*

***പേര് - ദീപ്തിഗിരി ക്ഷീര സംഘത്തിന് ഫെസിലിറ്റേഷൻ സെന്റർ***

എടവക ഗ്രാമപഞ്ചായത്തിലെ ദീപ്തിഗിരി ക്ഷീരോത്പാദക സഹകരണ സംഘത്തിന് ഫാർമേഴ്സ് ഫെസിലിറ്റേഷൻ എന്ന പ്രോജക്ട് 2019-20 ഏറ്റെടുത്തിട്ടുണ്ട്. സഹകരണസംഘം കെട്ടിടത്തിന്റെ മുകളിലാണ് ഫെസിലിറ്റേഷൻ സെന്റർ പണിയുന്നത്. സംഘം കെട്ടിടം വിട്ടുനൽകാൻ തയ്യാറല്ല. എന്നാൽ ഇത് ക്ഷീര കർഷകരടക്കം എല്ലാവർക്കും പ്രയോജനപ്പെടും എന്നതിനാൽ നിർമ്മാണത്തിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ആകെ നിർമ്മാണച്ചെലവിന്റെ 80 ശതമാനം മാത്രം ചെലവഴിക്കുന്നതിന് (മാർഗ്ഗരേഖ പ്രകാരമുള്ള) അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.46 മേലാറ്റൂർ ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്ത് SRG/ 98/20-CC/52/20 )** *(2 കത്തുകൾ)*

*പ്രോ.നം. 362/20* *അടങ്കൽ 1,90,000/-രൂപ (തനത് ഫണ്ട്)*

***പേര് - പ്രളയാനന്തരം ഹരിത കർമ്മസേന ശേഖരിച്ച റിജക്ടഡ് വേസ്റ്റ് കൈമാറൽ***

ഹരിത കർമ്മസേന മുഖേന പഞ്ചായത്ത് പ്രദേശത്ത് മാലിന്യശേഖരണം നടക്കുന്നുണ്ട്. യൂസർ ഫീ ആയി ഒരു വീടിന് 50 രൂപ നിശ്ചയിച്ചിട്ടുണ്ടെങ്കിലും കൃത്യമായ ലഭിക്കുന്നില്ല. വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച അജൈവ പാഴ് വസ്തുക്കൾ MCF ൽ എത്തിക്കുന്നതിനും പ്രളയത്തിൽ MCF-ൽ വെള്ളം കയറിയതിനെ തുടർന്ന് തിരസ്കൃത മാലിന്യം കയറ്റി അയയക്കുന്നതിനുമുള്ള പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.47 ഇടുക്കി ജില്ലാ പഞ്ചായത്ത്

**ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.2020-ലെ കത്ത് (SRG 168/20, CC 108/20)**

പ്രളയത്തിൽ ജില്ലയിൽ ധാരാളം റോഡുകൾ തകർന്നു. വികസനഫണ്ട് മാത്രമുപയോഗിച്ച് ഈ റോഡുകളുടെ പുനർ നിർമ്മാണം അറ്റകുറ്റപ്പണിയും നടപ്പാക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ 23.08.2018-ലെ 2313/18 തസ്വഭവ ഉത്തരവിൽ പറയുംപോലെ പൂർണ്ണമായും തകർന്ന റോഡുകളുടെ മെയിന്റനൻസിന് റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 23.08.2018-ലെ 2313/18/തസ്വഭവ ഉത്തരവ് 2018-19 ലേയ്ക്ക് മാത്രമാണ്. ഈ ഉത്തരവു പ്രകാരം ഇനി പ്രവൃത്തി ഏറ്റെക്കാവുന്നതല്ല.
എന്നാൽ മാർഗ്ഗരേഖ പ്രകാരം റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ജില്ലാ പഞ്ചായത്തിന്റെ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം നടത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.48 പുളിമാത്ത് ഗ്രാമപഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.20-ലെ കത്തും പുളിമാത്ത് പഞ്ചായത്ത് പ്രസിഡന്റിന്റെ 09.01.20-ലെ കത്തും (SRG 189/20 - CC 76/20)**

പഞ്ചായത്തിൽ 6-ാം വാർഡിലെ ശ്രീ. അജിത് കുമാർ, ചരുവിള പുത്തൻ വീട് എന്നയാൾ ലൈഫ് രണ്ടാം ഘട്ട ഗുണഭോക്തൃ ലിസ്റ്റിൽ (ഭൂമിയുള്ള ഭവന രഹിതർ) ഉൾപ്പെട്ടിരുന്നു. വീടു നിർമ്മാണത്തിന് കരാർ വയ്ക്കുന്ന അവസരത്തിൽ ഭാര്യയുടെ പേരിലുള്ള 10 സെന്റ് സ്ഥലത്തിന്റെ വിവരങ്ങൾ മാത്രമാണ് കാണിച്ചിരുന്നത്. അപേക്ഷകന് രണ്ടു ഗഡുവായി 2.00 ലക്ഷം രൂപ ഇതിനകം നൽകിയിരുന്നു. എന്നാൽ അന്വേഷണത്തിൽ ശ്രീ. അജിത്തിന് കുടുംബ ഓഹരിയായി 25 സെന്റ് സ്ഥലം ഉണ്ടെന്നറിഞ്ഞു. ശ്രീ. അജിത്തിന്റെ ഭാര്യ അസുഖം മൂലം മരണപ്പെട്ടു. ബാക്കി ഗഡു കൂടി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** 2.00 ലക്ഷം രൂപ ഇതിനകം നൽകി ബാക്കി പ്രവൃത്തിക്കും കൂടി മാർഗ്ഗരേഖ പ്രകാരമുള്ള നിരക്കനുസരിച്ച് ഗഡു നൽകാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.49 കാസർഗോഡ് ജില്ലാ പഞ്ചായത്ത്

**കാസർഗോഡ് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2020-ലെ B2-1082/19-ാം നമ്പർ കത്ത് (SRG 226/20)**

ശുചിത്വം, മാലന്യം മേഖലയിലെ പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്ററെ നിർവഹണ ഉദ്യോഗസ്ഥനായി സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 3.4 ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.50 ചിറ്റൂർ- തത്തമംഗലം മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2019-ലെ കത്ത് (SRG 1167/19 - CC 986/2019)**

നഗരസഭാ പ്രദേശത്തെ അയ്യമ്പതി കിണർ പ്രവൃത്തിക്കായി 2004-05-ൽ പ്രോജക്ടുകൾ ഉൾപ്പെടുത്തിയിരുന്നു. 16.12.2005-ൽ പ്രവൃത്തി പൂർത്തിയാക്കി. ബിൽ തുക 34024/- രൂപ. 2005-06-ലും ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നെങ്കിലും തുക നൽകിയില്ല. തുടർന്ന് കരാറുകാരൻ 2018-ൽ ബഹു. ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഉത്തരവ് പ്രകാരം തനത് ഫണ്ടിൽ നിന്ന് തുക നൽകാൻ കൗൺസിൽ തീരുമാനമെടുത്തുവെങ്കിലും കോഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതി വാങ്ങണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.51 വണ്ടാഴി ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 13.12.2019-ലെ കത്തും ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 17.05.2019-ലെ LM - R445/18-ാം നമ്പർ കത്തും വണ്ടാഴി ഗ്രാമപഞ്ചായത്തിന്റെ 29.11.2019-ലെ 8(2)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 1170/19 - CC 1008/2019)**

*പ്രോ.നം.243/20* *അടങ്കൽ - 2,15,20,000/- രൂപ*
*(വികസനഫണ്ട് - 20,00,000/- രൂപ*
*ബ്ലോക്ക് വിഹിതം - 15,00,000/- രൂപ*
*ജില്ലാ പഞ്ചായത്ത് വിഹിതം - 15,00,000/- രൂപ*
*ലോൺ - 95,20,000/- രൂപ*
*സംസ്ഥാന വിഹിതം - 70,00,000/- രൂപ*

*പേര് - ലൈഫ് മിഷൻ - ഭൂമിയുള്ള ഭവന രഹിതർക്ക് ഭവനം*

ലൈഫ് മിഷൻ ജില്ലാ കോഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്നവർക്ക് പ്രത്യേക പരിഗണന നൽകി ലൈഫ് മിഷൻ 2-ാം ഘട്ടത്തിൽ ഭവനം നിർമ്മിച്ചു നൽകാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കുടുംബ

റേഷൻ കാർഡിൽ ഉൾപ്പെട്ടതിനാലാണ് മാനദണ്ഡ പ്രകാരം ഇവരെ ഇപ്പോൾ പരിഗണിക്കുന്നതിന് ബുദ്ധിമുട്ടുള്ളത്.

(1) ശ്രീ.ശ്രീധരൻ, പന്തപ്പറമ്പ്, മുടപ്പല്ലൂർ
(ഷെഡിൽ താമസിക്കുന്ന ഈ കുടുംബത്തിന്റെ ഗൃഹനാഥൻ ക്യാൻസർ രോഗിയാണ്. 2 പെൺകുട്ടികളാണുള്ളത്)

(2) ശ്രീ. ശിവദാസൻ. എം. പറപ്പടി, വണ്ടാഴി
(മൂന്നു കുടുംബങ്ങൾ ഒരു വീട്ടിൽ താമസിക്കുന്നു. ഒരു കുട്ടിക്ക് കിഡ്നി തകരാറുണ്ട്)

(3) ശ്രീമതി. രത്നാമണി, ചാത്തൻകുറിശ്ശി, നെല്ലിക്കോട്
(ഗൃഹനാഥയ്ക്ക് അംഗവൈകല്യമുണ്ട്. വിധവയാണ്. ഷെഡിൽ താമസിക്കുന്നു.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.52 ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 16.12.2019-ലെ കത്ത് (SRG 1171/19 - CC 1046/2019)**

***പ്രോ.നം. 70/18*** ***അടങ്കൽ 2,00,000/- രൂപ***
***(റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് - തൃക്കോവിൽപ്പടി റോഡ് മെറ്റലിംഗ് - ടാറിംഗ്***

തൃക്കോവിൽപ്പടി റോഡ് മെറ്റലിംഗ് - ടാറിംഗിനുള്ള ഈ പ്രോജക്ട് 2017-18-ൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 2018-19-ൽ ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിരുന്നില്ല. 2018-19-ൽ ഈ പ്രോജക്ട് നടപ്പാക്കി. സ്പിൽ ഓവറായി ഉൾപ്പെടുത്താത്തതിനാൽ ബിൽ തുക നൽകാൻ കഴിയുന്നില്ല. 2019-20-ൽ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അന്വേഷിച്ച് തീരുമാനം ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിക്കണം. ഇത് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്യുകയാ ണെങ്കിൽ ഇതിനാവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**

## 4.53 അലനല്ലൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2019-ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12.12.2019-ലെ A2-2018/19-ാം നമ്പർ കത്തും. (SRG 1184/19 - CC 1056/2019)**

*പ്രോ.നം. 59/19* *അടങ്കൽ 5,00,000/- രൂപ*
*(തനത് ഫണ്ട്))*

***പേര് -തെരുവ് വിളക്ക് മെയിന്റനൻസ്***

തെരുവുവിളക്ക് മെയിന്റനൻസിന് 2018-19-ൽ ഉൾപ്പെടുത്തിയിരുന്ന ബഹു.വർഷ പ്രോജക്ട് 2019-20-ൽ ക്യാരിഓവർ ചെയ്യാൻ വിട്ടുപോയി. എഗ്രിമെന്റ് വച്ച് നടപ്പാക്കിയ പ്രോജക്ടിന് 5,31,664/- രൂപ കരാറുകാരന് നൽകാനുണ്ട്. ഇത് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-**

1) സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ആവശ്യമായ ക്രമീകരണം ചെയ്യാൻ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി .
2) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനുള്ള പ്രോജക്ടുകൾ ബഹു.വർഷ പ്രോജക്ടുകളായി എടുക്കേണ്ട ആവശ്യമില്ല എന്ന് നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.54 കോന്നി ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 19.12.2019-ലെ കത്ത് (SRG 1181/19 - CC 1002/2019)**

*പ്രോ.നം. 37/20* *അടങ്കൽ10,90,080/- രൂപ*
*(വികസനഫണ്ട് 3, 05,000/- രൂപ*
*ബ്ലോക്ക് വിഹിതം 5,12,500/- രൂപ*
*ഗുണഭോക്തൃ വിഹിതം - 2,72,520/രൂപ*
*തനത് ഫണ്ട് 60/- രൂപ*
*(റോഡ് മെയിന്റനൻസ് ഗ്രാന്റ്)*

***പേര് - കാട്ടുമൃഗങ്ങളിൽ നിന്നും വിള സംരക്ഷണം***

കാട്ടുമൃഗങ്ങളിൽ നിന്നും കാർഷികവിള സംരക്ഷണത്തിനായി ടിൻഷീറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ക്രമനം.4.17ന്റെ തീരുമാനം ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.55 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 27.12.2019-ലെ കത്ത് (SRG 1233/19 - CC 919/2019)**

*പ്രോ.നം. 79/20* *അടങ്കൽ 2,25,000/- രൂപ*
*(വികസനഫണ്ട് )*

***പേര് - സർഗ്ഗ സഞ്ചാരി - വനിതകൾക്ക് സൈക്കിൾ***

സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി വനിതകൾക്ക് 100 ശതമാനം സബ്സിഡിയോടെ സൈക്കിൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് നൂതന പ്രോജക്ടിനുള്ള ജില്ലാതല വിദഗ്ധ സമിതി അനുമതി നിരസിച്ചു. പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു. ഏതെങ്കിലും തൊഴിലിന്റെ ഭാഗമായല്ലാതെ വനിതകൾക്ക് സൈക്കിൾ വിതരണം നടത്താവുന്നതല്ല.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.56 പള്ളിപ്പാട് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 18.12.2019-ലെ കത്തും സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ 26.11.2019-ലെ കത്തും കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ യോഗ തീരുമാനവും (ഖണ്ഡിക 4.51) 16.07.2018-ലെ 5/6-ാം നമ്പർ പഞ്ചായത്തിന്റെ ഭരണസമിതി തീരുമാനവും (SRG 1174/19 - CC 326/2019)**

*പ്രോ.നം. 10/20* *അടങ്കൽ 1,00,000/- രൂപ (വികസനഫണ്ട് )*

***പേര് - ബാല സൗഹൃദ പഞ്ചായത്ത്***

കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിന് യോഗ, കരാട്ടെ എന്നിവയിൽ പരിശീലനം നൽകാനുള്ള പ്രോജക്ട്. കരാട്ടെ പരിശീലനത്തിന് ഒരു കുട്ടിക്ക് 300/- രൂപ വീതമാണ് നൽകാനുദ്ദേശിക്കുന്നത്. കഴിഞ്ഞ വർഷം ഇതേ രീതിയിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും ഇതിന്മേൽ ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം നൽകാൻ31.12.2018-ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി നിർദ്ദേശിച്ചതനുസരിച്ച് സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം ഈ വർഷത്തെ പ്രോജക്ട് അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയുടെ കത്തു പ്രകാരം കരാട്ടെ പരിശീലനത്തിന് 50 കുട്ടികൾ ഉണ്ടെങ്കിൽ ഒരു കുട്ടിക്ക് 300 രൂപ പര്യാപ്തമാണെന്നും കരാട്ടെ പരിശീലകന് കുറഞ്ഞത് 15,000/- രൂപയെങ്കിലും വേതനം നൽകണമെന്നും ശുപാർശ ചെയ്തിരിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** കരാട്ടെ പരിശീലിപ്പിക്കുന്നവരുടെ യോഗ്യതകൂടി സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ നിന്ന് വ്യക്തമാക്കി നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.57 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

**ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 13.09.2018-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ലെ (ഖണ്ഡിക 4.52) തീരുമാനവും ഗ്രാമവികസന കമ്മീഷണറുടെ 16.10.2019-ലെ DP4/2428/19/CRD നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ തീരുമാനവും (SRG 1032/19 - LSGD/DD2/481/2018 - LSGD)**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഗ്രാമ ന്യായാലയം പണിയാൻ 75.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. MPLAD-യിൽ 45.00 ലക്ഷം രൂപ അനുവദിച്ചു. ബ്ലോക്ക് പഞ്ചായത്ത് 15.00 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 2.50 ലക്ഷം രൂപ വീതം കൂടി ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ൽ ഇതു പരിഗണിച്ചിരുന്നുവെങ്കിലും ഇതിന് കേന്ദ്ര വിഹിതം ലഭിക്കുന്നതിന്റെ സാധ്യത കൂടി ആരായണമെന്നും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ യോഗം വിളിച്ച് റിപ്പോർട്ട് സഹിതം നൽകണമെന്നും നിർദ്ദേശിച്ചു. ഗ്രാമ വികസന കമ്മീഷണറുടെ റിപ്പോർട്ടു സഹിതം അനുമതിക്കായി നൽകിയിരിക്കുന്നു. അനുമതി സംബന്ധിച്ച്

**തീരുമാനം :-** പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.58 വി.ഇ.ഒ മാർക്ക് ലാപ് ടോപ് വാങ്ങൽ

**ഗ്രാമവികസന കമ്മീഷണറുടെ 14.01.2020 -ലെ DP/5554/19/CRD നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ തീരുമാനവും ( SRG 104/20**

വി.ഇ.ഒ മാർ ഓരോ വർഷവും ഏകദേശം 1.00 കോടി രൂപയോളമുള്ള പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരാണ്. ഇവർക്ക്ക്ലറിക്കൽ ജോലി ചെയ്യാൻ കമ്പ്യൂട്ടർ അടക്കം പ്രത്യേക സൗകര്യമില്ല. അതിനാൽ എല്ലാ വി.ഇ.ഒ മാർക്കും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടോ വികസനഫണ്ടോ ഉപയോഗിച്ച് ഒരു മിഡ് ലെവൽ സ്പെസിഫിക്കേഷനുള്ള (Windows Soft Ware) laptop വാങ്ങി നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പിന്നീട് പരിഗണിക്കും

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.59 കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്

**കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 10.01.2020-ലെ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ തീരുമാനവും (SRG 73/20)**

മാർഗ്ഗരേഖ പ്രകാരം ഖാദി ഗ്രാമ വ്യവസായ കമ്മീഷനും (KVIC) ഖാദി ഗ്രാമ വ്യവസായ ബോർഡും (KVIB) നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്കും അവയുടെ സ്വന്തം സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടേയും സംയുക്ത വിപണനശാലകൾ നിർമ്മിക്കുന്നതിനും അതിന്റെ ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ

തറിയും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വകയിരുത്താവുന്നതാണ്. വിലയുടെ /നിർമ്മാണ ചെലവിന്റെ 80 ശതമാനമാണ് സബ്സിഡി നൽകാവുന്നത്.

ഇതിൽ താഴെപ്പറയും പ്രകാരം വ്യക്തത വരുത്തി കൂട്ടിച്ചേർക്കലുകൾ നടത്തണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റേയും കേരള ഖാദി വ്യവസായ ബോർഡിന്റേയും അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങൾക്കും കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിനും അവരുടെ സ്വന്തം സ്ഥലത്തോ മറ്റ് ഏജൻസികൾ വിട്ടു നൽകുന്ന സ്ഥലത്തോ ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും കെട്ടിടം നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ചർക്കകളും തറികളും മറ്റ് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും പരിശീലനത്തിനും തുക വകയിരുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കാൻ അനുമതി അവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സ്വന്തം സ്ഥലത്തോ മറ്റ് സർക്കാർ ഏജൻസികൾ വിട്ടു നൽകുന്ന സ്ഥലത്തോ നടത്തുന്ന പദ്ധതികൾക്ക് 100 ശതമാനം സബ്സിഡിയും മറ്റ സ്ഥാപനങ്ങൾക്ക്/ സംഘങ്ങൾക്ക് ഇപ്പോഴത്തെ മാർഗ്ഗരേഖ പ്രകാരമുള്ള 80 ശതമാനം സബ്സിഡിയും തുടർന്ന് നൽകാനും അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പിന്നീട് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.60 നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

**ഗ്രാമവികസന കമ്മീഷണറുടെ 23.01.2020-ലെ DP5/782/2020/CRD നമ്പർ കത്തും നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 09.01.20-ലെ BP2/52/20/NDD നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.20-ലെ യോഗ തീരുമാനവും ( SRG110/20)**

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തി കേന്ദ്ര/സംസ്ഥാന സർക്കാരുകളും മറ്റ് ഏജൻസികളും നൽകിയ വിവിധ അവാർഡുകളുടെ സമ്മാനത്തുക വിനിയോഗിച്ച് സാന്ത്വന പരിചരണ മേഖലയിൽ 'അഭയം' എന്ന പേരിൽ ഒരു മാതൃകാ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ അവാർഡിനത്തിൽ 80.00 ലക്ഷം രൂപ ലഭിക്കും. ഇതിൽ 50,05,000/- രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്. ഈ തുകയും സംഭാവനയായും/CSR വിഹിതമായും ലഭിക്കുന്ന തുകയും ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തി ഇതിൽ നിന്നും ലഭിക്കുന്ന പലിശ ഉപയോഗിച്ച് 'അഭയം'എന്ന പേരിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. അർബുദം ഉൾപ്പെടെയുള്ള രോഗങ്ങളാൽ അടിമപ്പെട്ട കിടപ്പുരോഗികളായവർക്ക് പ്രതിമാസം 750/- രൂപ മുതൽ 1000/- രൂപ വരെ നൽകുന്ന പദ്ധതിയാണ് അഭയം. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ അവാർഡ് തുകയുടെ 10 ശതമാനം തുകയെങ്കിലും സംഭവാന/ CSR വിഹിതമായി കണ്ടെത്തേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.61 സാംസ്കാരിക വകുപ്പ് - ആയിരം യുവ കലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ്

**സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.02.20-ലെ P1-2440/19 സാം.വ.നമ്പർ കത്ത് (SRG 218/20)**

സാംസ്കാരിക വകുപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് യുവകലാകാരന്മാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് എന്ന പദ്ധതി നടപ്പാക്കി വരുന്നുണ്ട്. സാംസ്കാരിക വകുപ്പ് നേരത്തെ നിശ്ചയിച്ചത് ഇത് രണ്ടു വർഷക്കാലത്തേയ്ക്ക് നടപ്പാക്കാനായിരുന്നു. എന്നാൽ തുടർ വർഷങ്ങളിലും ഇതു നടപ്പാക്കാൻ സാംസ്കാരിക വകുപ്പ് ഉദ്ദേശിക്കുന്നു. മുൻ വർഷങ്ങളിൽ ഒരു കലാകാരന് 10000/- രൂപ സാംസ്കാരിക വകുപ്പും 5000/- രൂപ തദ്ദേശഭരണ സ്ഥാപനവുമാണ് നൽകിയിരുന്നത്. ഇതേ നിരക്കിൽ അടുത്ത വർഷങ്ങളിലും കലാകാരന്മാർക്ക് തദ്ദേശസ്വയംഭരണ വിഹിതമായി 5000/- രൂപ വീതം വകയിരുത്താൻ നിർദ്ദേശം നല്കണമെന്നു സംബന്ധിച്ച്

**തീരുമാനം :-** ഈ പരിപാടി സുഗമമായി നടപ്പാക്കുന്നതിന് എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും കലാകാരന്മാരുടെ എണ്ണത്തിനനുസൃതമായി തുക വകയിരുത്തണമെന്ന് നിർദ്ദേശിക്കുന്നു. കൂടാതെ കഴിഞ്ഞവർഷത്തെ കുടിശ്ശികയുണ്ടെങ്കിൽ അതും കലാകാരന്മാർക്ക് നൽകേണ്ടതാണ്. കൂടാതെ ബ്ലോക്ക് പഞ്ചായ ത്തുകളെ സഹായിക്കുന്നതിന് മറ്റു തദ്ദേശഭരണ സ്ഥാപനത്തിനും തുക വകയിരുത്താനും അനുമതി നൽകുന്നു. ഈ പരിപാടി നടപ്പാക്കുന്ന നഗരസഭ കൾക്കും വിഹിതം വകയിരുത്താവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.62 പാലാ മുനിസിപ്പാലിറ്റി

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.01.2019-ലെ കത്ത് (SRG 14/20 - CC/984/19)**

***പ്രോ.നം. 394/20 അടങ്കൽ. 11,00,000/- രൂപ (CFC)***

***പേര് - നഗരസഭാ പരിധിയിലെ വിവിധ ഓടകളിലെ മാലിന്യം നീക്കം ചെയ്യാൻ***

നഗരസഭാ പരിധിയിലെ പ്രളയകാലത്ത് മണ്ണുമൂലം അടഞ്ഞ ഓടകൾ വൃത്തിയാക്കുന്നതിന് ജെ.സി.ബി.യുടെ വാടക നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്, ഇതിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നൽകിയില്ല. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഇതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല. തനത് ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

## 4.63 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2020-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 20.12.2019-ലെ B6-4383/2018-ാം നമ്പർ കത്തും (SRG 21/20 - CC/1109/19)**

*പ്രോ.നം. 787/20* *അടങ്കൽ 49,00,000/- രൂപ*
*(വികസനഫണ്ട് - 41,12,200/- രൂപ*
*ഗുണഭോക്തൃ വിഹിതം - 7,87,800/- രൂപ*

***പേര് - നെടിയേങ്ങ പി.എച്ച്.സി.സെന്റർ കുടിവെള്ള പദ്ധതി, ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്***

ജില്ലാ പഞ്ചായത്ത് 2015-16 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് നെടിയേങ്ങ പി.എച്ച്.സി. സെന്റർ- കുടിവെള്ള പദ്ധതി(ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്ത്) ഇപ്പോൾ സ്പിൽ ഓവറായി തുടരുന്നു. പ്രോജക്ട് തയ്യാറാക്കിയ സമയം ഈ പ്രദേശം ശ്രീകണ്ഠപുരം ഗ്രാമപഞ്ചായത്തിലായിരുന്നു. ഇപ്പോൾ ഈ പ്രദേശം ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയുടെ ഭാഗമായി. പദ്ധതി നടപ്പാക്കാൻ ഗുണഭോക്തൃ സമിതി രൂപീകരിക്കുകയും ഗുണഭോക്തൃ വിഹിതം ഇതിനകം ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്തു. കൂടാതെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ മുനിസിപ്പാലിറ്റിയിലാണെങ്കിലും ഇത്തരം പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയ സാഹചര്യത്തിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേക അനുമതി നൽകുന്നു. എന്നാൽ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയുടെ സമ്മതപത്രം കൂടി വാങ്ങണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.64 കണ്ണപുരം ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2020-ലെ കത്ത് (SRG 29/20 - CC/1/20)**

*പ്രോ.നം. 98/20* *അടങ്കൽ 5,00,000/- രൂപ (SCP)*

***പേര് - വിദ്യാർത്ഥികൾക്ക് പഠനമുറി - SCP***

എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് പരാവധി നൽകാവുന്ന തുക 2.00 ലക്ഷം രൂപയാണ്. അവസാന ഗഡു നൽകുന്നത് തദ്ദേശഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ പരിശോധിച്ച് നിശ്ചയിക്കുന്ന വാല്യുവേഷന്റെ അടിസ്ഥാനത്തിലാണ്. ഗുണഭോക്താവ് പ്രാദേശിക നിരക്കു പ്രകാരം ചെലവു ചെയ്യുന്ന തുക ഇതിൽ ഉൾപ്പെടാറില്ല എന്ന് അറിയിച്ചിരിക്കുന്നു. പട്ടികജാതി വികസന വകുപ്പിൽ നിന്ന് പഠനമുറി നിർമ്മിച്ചു നൽകുമ്പോൾ അവസാന ഗഡു നൽകുന്നത് നിർവഹണ ഉദ്യോഗസ്ഥന്റെ ( പട്ടികജാതി വികസന ഓഫീസർ) സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. ഇതേ രീതി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന പഠനമുറിക്കും ബാധകമാക്കണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** ആവശ്യം നിരസിച്ചു. ബന്ധപ്പെട്ട എഞ്ചിനീയർ/ ഓവർസീയർ വാല്യുവേഷൻ നടത്തി വേണം രണ്ട്, മൂന്ന് ഗഡുക്കൾ നൽകേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.65 കുടുംബശ്രീ - ഷീ ലോഡ്ജ് പദ്ധതി

**<u>കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17.02.2019-ലെ കുറിപ്പും കോഓർഡിനേഷൻ കമ്മിറ്റിയുടെ 28.01.2020-ലെ തീരുമാനവും (SRG 219/20)</u>**

ഒറ്റക്ക് സഞ്ചരിക്കുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസസ്ഥലം മിതമായി നിരക്കിൽ നൽകുക എന്നതാണ് 'ഷീ ലോഡ്ജ്' ന്റെ ഉദ്ദേശം. ഈ പദ്ധതി പ്രകാരം കുടുംബശ്രീ സംരംഭക മാതൃകയിൽ കെട്ടിടം വാടകയ്ക്കെടുത്ത് ഒരേ ഡിസൈനിൽ ഒരേ പ്രോട്ടോകോൾ ഉപയോഗിച്ച് ഓൺലൈൻ ബുക്കിംഗ് സൗകര്യത്തോടു കൂടി ഷീ ലോഡ്ജ് നടത്തിപ്പാണ് ലക്ഷ്യം. നഗരങ്ങളിൽ/ കൂടുതൽ ആളുകൾ എത്തിച്ചേരുന്ന സ്ഥലങ്ങളിലെ സുപ്രധാന ഇടങ്ങളിൽ ഭക്ഷണസൗകര്യമുൾപ്പെടെ കുറഞ്ഞത് 8 കിടക്ക സൗകര്യമാണ് ഒരുക്കുന്നത്.

ഷീ ലോഡ്ജുകളായി പ്രവർത്തിക്കാൻ അനുയോജ്യമായ 13 കെട്ടിടങ്ങൾ നിലവിൽ കണ്ടെത്തിയിട്ടുണ്ട്. നഗരസഭകളുടെ ഉടമസ്ഥതയിൽ കുടുംബശ്രീ സി.ഡി.എസ് മുഖേന 6 ഷീ ലോഡ്ജുകൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഷീലോഡ്ജ് പദ്ധതിക്കായി തുക വകയിരുത്തി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി 15 കെട്ടിടങ്ങൾ ഉണ്ട്. കുടംബശ്രീ വനിതകൾ സൂക്ഷ്മ സംരംഭ മാതൃകയിൽ വാടക/കരാർ അടിസ്ഥാനത്തിൽ 15 വനിതാ ഹോസ്റ്റലുകൾ പ്രവൃത്തിക്കുന്നുണ്ട്.

'ഷീ ലോഡ്ജ്' സൗകര്യം സർക്കാർ വിഭാവനം ചെയ്യും പോലെ നടപ്പാക്കാൻ താഴെപ്പറയുന്നവയിന്മേൽ തീരുമാനമുണ്ടാകണമെന്ന ആവശ്യം സംബന്ധിച്ച്

(i) കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭമായി ആരംഭിക്കുന്ന 'ഷീ ലോഡ്ജ്' സംരംഭങ്ങൾക്ക് കെട്ടിടത്തിന്റെ വാടകയും മറ്റ് റണ്ണിംഗ് കോസ്റ്റടക്കം മറ്റ് അനുബന്ധ ചെലവുകളും വികസനഫണ്ടിൽ നിന്ന് ഉപയോഗിക്കുന്നതിന് നഗരസഭ/ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിനാവശ്യമായ തുക തദ്ദേശഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽ നിന്നു നൽകാവുന്നതാണ്. തനതു ഫണ്ടില്ലായെങ്കിൽ വികസനഫണ്ട് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഷീ ലോഡ്ജിൽ നിന്നും ലഭിക്കുന്ന വരുമാനം തികയാതെ വന്നാൽ മാത്രമെ ഇപ്രകാരം തുക ചെലവഴിക്കാവൂ

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

(ii) ഷീ ലോഡ്ജിൽ ഫെസിലിറ്റി മാനേജ്മെന്റിന് നിയോഗിക്കപ്പെടുന്ന കുടുംബശ്രീ വനിതകൾക്കുള്ള വേതനം നഗരസഭകൾ/ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു. ഇതിനുള്ള വിഹിതം തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ടില്ലാതെ വന്നാൽ വനിതാ ഘടക പദ്ധതിക്കായി മാറ്റിവയ്ക്കുന്ന 10 ശതമാനം തുകയിൽ നിന്നോ ചെലവിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

## 4.66 കോട്ടയം നഗരസഭ

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2020-ലെ കത്ത് (SRG 154/20 - CC 65/20)**

*പ്രോ.നം. 605/20* *അടങ്കൽ 1,00,00,000/- രൂപ (വികസന ഫണ്ട്)*

***പേര് - കുടിവെള്ള പദ്ധതിക്ക് സ്ഥലം വാങ്ങൽ***

എം.എൽ.എ ഫണ്ട് ഉപയോഗിച്ച് കോട്ടയം മുനിസിപ്പാലിറ്റിയുടെ പടിഞ്ഞാറൻ പ്രദേശത്ത് കേരള വാട്ടർ അതോറിട്ടിയുടെ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കാനും ടാങ്ക് നിർമ്മിക്കാനും പദ്ധതിയുണ്ട്. ടാങ്ക് സ്ഥാപിക്കാൻ സ്ഥലം വാങ്ങുന്നതിനുള്ള ഈ പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കണം. ഉണ്ട് എങ്കിൽ അതിന്റെ പകർപ്പ് സഹിതം നൽകുന്ന മുറയ്ക്ക് പരിഗണിക്കും.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

## 4.67 കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2020-ലെ കത്ത് (SRG 28/20 - CC/1283/19)**

*പ്രോ.നം. 107/20* *അടങ്കൽ 70,000/- രൂപ (SCP)*

***പേര് -പുത്തരിപ്പുറം എസ്.സി. ശ്മശാനത്തിന് വയറിംഗ്***

പുത്തരിപ്പുറം എസ്.സി. ശ്മശാനം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. പട്ടികജാതി വിഭാഗക്കാർ ഉപയോഗിക്കുന്ന ഈ ശ്മശാനത്തിന്റെ വയറിംഗ് പ്രവൃത്തി നടത്താൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.68 കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09.01.2020-ലെ കത്തും കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 24.12.2019-ലെ A2-3919/19-ാം നമ്പർ കത്തും (3 എണ്ണം) (SRG 25/20 - CC/1280/19, SRG 26/20 - CC/1281/19, SRG 27/20 - CC/1282/19)**

*(i)പ്രോ.നം. 98/20* *അടങ്കൽ 2,10,000/- രൂപ (SCP)*

***പേര് - പാറക്കടവ് എസ്.സി ശ്മശാനം നവീകരണം***

പാറക്കടവ് ശ്മശാനം പട്ടികജാതി വിഭാഗക്കാരുടേതാണ്. ഇത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** - അനുമതി നൽകുന്നു.

*(ii)പ്രോ.നം. 99/20* *അടങ്കൽ 90,000/- രൂപ (SCP)*

***പേര് - കുറ്റ്യേരി ശ്മശാനത്തിലെ ഷെഡിന് ഗ്രിൽ നിർമ്മാണം***

കുറ്റ്യേരി ശ്മശാനം പട്ടികജാതി വിഭാഗക്കാർ മാത്രം ഉപയോഗിക്കുന്നതാണ്. ഇത് പഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം** - അനുമതി നൽകുന്നു

*(iii)പ്രോ.നം. 101/20* *അടങ്കൽ 67,000/- രൂപ (SCP)*

***പേര് - കെ. കണ്ണപുരം ശ്മശാനം നവീകരണം***

കെ. കണ്ണപുരം ശ്മശാനം പട്ടികജാതി വിഭാഗക്കാർ മാത്രം ഉപയോഗിക്കുന്നതാണ്. ഇത് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇതു നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.69 മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.01.2020-ലെ കത്ത് (SRG 31/20 - CC/17/20)**

റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് ആയി 11,75,948/- രൂപയുണ്ട്. ഇനിയും റോഡുകൾക്ക് മെയിന്റനൻസ്

ആവശ്യമില്ലാത്തതിനാൽ ഈ തുക തെരുവുവിളക്കുകളുടെ മെയിന്റനൻസിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പുതിയ റോഡുകളും പുതിയ റോഡുകൾക്ക് അറ്റകുറ്റപ്പണിയും ആവശ്യമില്ല എന്ന് ബന്ധപ്പെട്ട എൻജിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഈ വർഷത്തേയ്ക്ക് മാത്രമായി പ്രത്യേകാനുമതി നൽകുന്നു.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ,**
**തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.70 ഏറ്റുമാനൂർ നഗരസഭ

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020-ലെ കത്തും ഏറ്റുമാനൂർ മുനിസിപ്പൽ ചെയർമാന്റെ 30.12.2019-ലെ G3-11491/19-ാം നമ്പർ കത്തും (SRG 34/20 - CC/28/20)**

*പ്രോ.നം. 471/20* *അടങ്കൽ27,53,84,972/- രൂപ*
*(തനത് ഫണ്ട് - 4,53,84,972/- രൂപ*
*ലോൺ - 23.00 കോടി രൂപ)*

***പേര് - ഷോപ്പിംഗ് കോംപ്ലക്സ് കം മൾട്ടി പ്ലക്സ് തിയേറ്റർ***

2018-19-ൽ പ്രോ.നം. 374/19 ആയി ഈ പദ്ധതി ബഹു.വർഷ പ്രോജക്ടായി അംഗീകാരം നേടിയിരുന്നു. ജില്ലാ ആസൂത്രണസമിതി അംഗീകരിക്കുമ്പോൾ നിർവ്വഹണ രീതി ടെണ്ടർ എന്നാണ് ചേർത്തിരുന്നത്. മുനിസിപ്പാലിറ്റിയിൽ ടെണ്ടർ ചെയ്ത മറ്റു ചില പ്രവൃത്തികൾ സമയബന്ധിതമായി തീർത്തില്ല എന്ന കാരണത്താൽ ടെണ്ടർ നടപടി ഒഴിവാക്കി 25.00 കോടിക്ക് മുകളിൽ പ്രവർത്തന ശേഷിയുള്ള കമ്പനികളിൽ നിന്ന് ടെണ്ടർ വിളിച്ചു. ഇതനുസരിച്ച് കുറഞ്ഞ ടെണ്ടർ ചെയ്ത കമ്പനിയുമായി കരാർ വച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തു. ടെണ്ടറിനു പകരം അക്രഡിറ്റഡ് ഏജൻസിയെക്കൊണ്ട് പദ്ധതി നിർവഹണം നടത്തുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ, തസ്വഭവ**

## 4.71 ഉദയനാപുരം ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020-ലെ കത്തും ശുചിത്വ മിഷൻ കോട്ടയം ജില്ലാ കോഓർഡിനേറ്ററുടെ 05.09.20-ലെ 2324/2018/DSM/KM നമ്പർകത്തും (SRG 37/20 - CC/639/19)**

*പ്രോ.നം. 106/20* *അടങ്കൽ - 16,53,960/- രൂപ*
*(വികസനഫണ്ട് - 16, 50,000/- രൂപ*
*തനത് ഫണ്ട് - 3,960/- രൂപ)*

***പേര് - ടോയിലറ്റ് മെയിന്റനൻസ്***

ടോയിലറ്റ് അറ്റകുറ്റപ്പണിക്കുള്ള പ്രോജക്റ്റ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആകെ 179 പേർക്ക് ധനസഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്. ഇതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** കഴിഞ്ഞ പ്രളയം കൂടി കണക്കിലെടുത്ത് ഇതിന് അനുമതി നൽകാവുന്നതാണെന്ന് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ ശുപാർശ ചെയ്തതനുസരിച്ച് അനുമതി നൽകുന്നു. നിശ്ചിത നിരക്കിൽ തുക നൽകുന്നതിനു പകരം ശുചിത്വ മിഷൻ മാനദണ്ഡ പ്രകാരം നടപ്പാക്കണമെന്ന് നിർദ്ദേശിക്കുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.72 കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 14.01.2020-ലെ കത്തും കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.2019-ലെ 1(5)-ാം നമ്പർ തീരുമാനവും (SRG 38/20 - CC/18/20)**

***പ്രോ.നം. 34/20*** ***അടങ്കൽ - 3,00,000/- രൂപ***
***(വികസനഫണ്ട് - 1,95,557/- രൂപ***
***തനത് ഫണ്ട് - 1,04,443/- രൂപ)***

***പേര് - വൃദ്ധ ജനങ്ങൾക്ക് പോഷണ സപ്ലിമെന്ററി***

ബി.പി.എൽ വിഭാഗത്തിൽപ്പെട്ട 60 വയസ്സിൽ കൂടുതലുള്ള വൃദ്ധർക്ക് വർഷത്തിൽ ഒരു തവണ പോഷക മൂല്യ ഭക്ഷണ സാധനങ്ങളും അത്യാവശ്യ മരുന്നുകളും നൽകുന്നതിനുള്ള പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതി പ്രാഥമികാനുമതി നൽകിയില്ല. ഇത് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.73 പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.01.2020-ലെ കത്തും പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.12.2019-ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 42/20 - CC/1051/19)**

***പ്രോ.നം. 3/20*** ***അടങ്കൽ - 12,00,000/- രൂപ***
***(വികസനഫണ്ട് - 6 ,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം 6,00,000/- രൂപ)***

***പേര് - വനിതകൾക്ക് മുട്ടക്കോഴി വിതരണം***

മുട്ടക്കോഴി വിതരണത്തിനുള്ള ഈ പ്രോജക്റ്റ് നടപ്പാക്കാൻ ആകെ 12,000 കോഴി കുഞ്ഞുങ്ങളെ ആവശ്യമുണ്ട്. മൃഗ സംരക്ഷണ വകുപ്പിന്റെ 05.05.2018-ലെ

HD/68/2018 - H2 നമ്പർ കത്ത് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ സ്കീമുകൾക്ക് ഡിപ്പാർട്ടമെന്റ് ഫാമുകളിൽ നിന്നോ ഗവൺമെന്റ് ഹാച്ചറികളിൽ നിന്നോ മാത്രമേ ചിക്കിനെ വാങ്ങാവൂ എന്നു നിർദ്ദേശിച്ചിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ ലഭിക്കാൻ ബുദ്ധിമുട്ടുള്ളതിനാൽ സ്വകാര്യ എഗ്ഗർ നേഴ്സറികളിൽ നിന്ന് കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്മേൽ മൃഗസംരക്ഷണ വകുപ്പിന്റെ അഭിപ്രായമാരാഞ്ഞ് പിന്നീട് പരിഗണിക്കാൻ തീരുമാനിച്ചു. റിപ്പോർട്ടിനായി തുടർ നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.74 എരിമയൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്ത് (SRG / 114/20 - CC/38/20)**

എരിമയൂർ ഗ്രാമപഞ്ചായത്ത് കഴിഞ്ഞ 5 വർഷം നടപ്പാക്കിയ വികസന പദ്ധതികളുടെ നേട്ടം ജനങ്ങളിൽ എത്തിക്കുന്നതിന് ലഘു പുസ്തകം പ്രിന്റ് ചെയ്യാൻ 1.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് തയ്യാറാക്കാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** പൊതു വിഷയം ഖണ്ഡിക 3.7 ബാധകമാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.75 എരിമയൂർ ഗ്രാമപഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.01.2020-ലെ കത്ത് (SRG / 115/20 - CC/24/20)**

***പ്രോ.നം. 273/20*** ***അടങ്കൽ - 4,88,000/- രൂപ***
***(റോഡ് മെയിന്റനൻസ് ഗ്രാന്റ്)***

***പേര് - ചുള്ളിമട കുരുവക്കോട് റോഡ് റീ ടാറിംഗ്***
***(SC കോർപ്പസ് ഫണ്ട് മുഖേന നടത്തിയ പ്രവൃത്തിക്ക് തുക നൽകൽ)***

പട്ടികജാതി വികസന വകുപ്പിന്റെ എസ്.സി. കോർപ്പസ് ഫണ്ടുൾപ്പെടുത്തി മുകളിൽ പറഞ്ഞ റോഡ് പ്രവൃത്തി ചെയ്തിരുന്നു. എന്നാൽ ഫീസിബിലിറ്റി ലഭിച്ച സ്ഥലത്തല്ല നിർമ്മാണം നടത്തിയതെന്ന കാരണത്താൽ തുക നൽകിയില്ല. അതിനാൽ ഈ തുക നൽകാൻ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് തയ്യാറാക്കിയ പ്രോജക്ടിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഭരണാനുമതി, എസ്റ്റിമേറ്റ്, സാങ്കേതികാനുമതി, നടപ്പാക്കിയ പ്രവൃത്തിയുടെ

വാല്യുവേഷൻ, ചെയിനേജ് എന്നിവ പരിശോധിച്ച റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:-1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ചീഫ് എഞ്ചിനീയർ,**
**തദ്ദേശസ്വയംഭരണ വകുപ്പ്**

## 4.76 തേവലക്കര ഗ്രാമപഞ്ചായത്ത്

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.01.2020-ലെ കത്ത് (SRG / 116/20 - CC/706/19)**

***പ്രോ.നം. 41/19*** ***അടങ്കൽ - 4,25,000/- രൂപ***
***വികസനഫണ്ട് - 2, 75,000/- രൂപ***
***ബ്ലോക്ക് പഞ്ചായത്ത് വിഹിതം - 1,50,000/- രൂപ***

***പേര് - പി.ജി./ പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ് ടോപ്***

മത്സ്യ തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതിന് 2018-19 -ൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതനുസരിച്ച് 14 ലാപ് ടോപുകൾ വാങ്ങി. എന്നാൽ അർഹതയുള്ളവരായി 6 പേർ മാത്രമാണുണ്ടായിരുന്നത്. 8എണ്ണം വിതരണം ചെയ്യാൻ കഴിഞ്ഞില്ല. ഈ വർഷവും ലാപ് ടോപ് വിതരണത്തിന് പ്രോജക്ട് (പ്രോ.നം. 44/20) തയ്യാറാക്കിയിട്ടുണ്ട്. ആകെ ഗുണഭോക്താക്കൾ 43. എന്നാൽ 14 പേർക്കു നൽകാനെ തുകയുള്ളൂ. ഈ വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് കഴിഞ്ഞ വർഷത്തെ വിതരണം ചെയ്യാത്ത ലാപ് ടോപുകൾ നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നൽകുന്നു. എന്നാൽ അർഹതയുള്ള ഗുണഭോക്താക്കളെ കണക്കാക്കാതെ കൂടുതൽ ലാപ് ടോപ് വാങ്ങിയതിൽ വീഴ്ചയുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആരായാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) പഞ്ചായത്ത് ഡയറക്ടർ**

## 4.77 അരുവാപ്പുലം ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2020-ലെ കത്ത് (SRG / 119/20 - CC/1342/20)**

***പ്രോ.നം. 234/20*** ***അടങ്കൽ - 21,25,000/- രൂപ***
***വികസനഫണ്ട് - 7,00,000/- രൂപ***
***ബ്ലോക്ക് വിഹിതം - 10,00,000/- രൂപ***
***ഗുണഭോക്തൃ വിഹിതം - 4,25,000/- രൂപ)***

***പേര് - വന്യ മൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷണം***

വന്യ മൃഗങ്ങളിൽ നിന്ന് കൃഷിയെ സംരക്ഷിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ക്രമനം.4.17-ന്റെ തീരുമാനം ബാധകമാണ്

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.78 വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2020-ലെ കത്ത് (SRG / 121/20 - CC/1165/19)**

***പ്രോ.നം. 11/20***

***അടങ്കൽ - 60,000/- രൂപ***
***റ്റി.എസ്.പി - 37,900/- രൂപ***
***തനത് ഫണ്ട് - 22,100/- രൂപ***

***പേര് - പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ലാപ് ടോപ്***

കുമാരി രാഖി പി. രാമചന്ദ്രൻ, ആലക്കൽ ഒളികല്ല് എന്ന കുട്ടി ബോട്ടണി ബിരുദധാരിയാണ്. ഇപ്പോൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയുടെ ഓഫ് കാമ്പസ് സെന്ററായ റാന്നി റ്റുട്രോണിക്സ് എന്ന സ്ഥാപനം വഴി അനിമേഷൻ & ഫിലിം ടെക്നോളജി എന്ന കോഴ്സിനു പഠിക്കുന്നു. ഈ കുട്ടിക്ക് ലാപ് ടോപ് നൽകുന്നതിന് അനുമതി സംബന്ധിച്ച്

**തീരുമാനം :-** ഈ വിദ്യാർത്ഥി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടതാണോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പട്ടികവർഗ്ഗ ഡയറക്ടറെ ചുമതലപ്പെടുത്തി. പിന്നീട് പരിഗണിക്കും

**നടപടി:- 1) തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**
**2) ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്**

## 4.79 തണ്ണിത്തോട് ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2020-ലെ കത്ത് (SRG / 124/20 - CC/1309/19)**

***പ്രോ.നം. 284/20***

***അടങ്കൽ - 30,10,000/- രൂപ***
***(തനത് ഫണ്ട് 10,000/- രൂപ***
***ബ്ലോക്ക് വിഹിതം - 30,00,000/- രൂപ***

***പേര് - വന്യ മൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ***

വന്യമൃഗങ്ങളിൽ നിന്നും കൃഷിയെ സംരക്ഷിക്കാൻ ടിൻ ഷീറ്റ് സ്ഥാപിക്കാനുള്ള പ്രോജക്ടിന് അനുമതി ആവശ്യപ്പെട്ടിരിക്കുന്നു.

**തീരുമാനം :-** ക്രമനം. 4.17-ന്റെ തീരുമാനം ബാധകമാണ്
**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

## 4.80 സീതത്തോട് ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2020-ലെ കത്തും സീതത്തോട് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 09.12.2019-ലെ 1(8)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG / 124/20 - CC/1338/19)**

***പ്രോ.നം. 30/20*** ***അടങ്കൽ -9,00,,000/- രൂപ (വികസന ഫണ്ട്)***

***പേര് - വൃദ്ധജനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, ന്യൂട്രീഷ്യൻ പൗഡർ***

പഞ്ചായത്തിലെ വൃദ്ധജനങ്ങൾക്ക് വാക്കിംഗ് സ്റ്റിക്ക്, ന്യൂട്രീഷ്യൻ പൗഡർ എന്നിവ നൽകുന്നതിനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**അഭിപ്രായക്കുറിപ്പ്:-** അനുമതി നിരസിച്ചു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.81 കുളനട ഗ്രാമപഞ്ചായത്ത്

**പത്തനംതിട്ട ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 24.01.2020-ലെ കത്ത് (SRG / 127/20 - CC/1228/19)**

***പ്രോ.നം. 72/20*** ***അടങ്കൽ -61,77,800/- രൂപ***
***(SCP - 21,77,800/- രൂപ***
***ബ്ലോക്ക് വിഹിതം - 20,00,000/- രൂപ***
***ജില്ലാ പഞ്ചായത്ത് വിഹിതം - 20,00,000/- രൂപ***

***പേര് - ലൈഫ് മിഷൻ പദ്ധതി***

കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019-ലെ തീരുമാനപ്രകാരം വീടു വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ (ലൈഫ് മിഷൻ നിരക്ക് നിശ്ചയിക്കും വരെ) 5 സെന്റ് സ്ഥലത്തിന് പരമാവധി 3.75 ലക്ഷം രൂപ നൽകാമെന്ന് നിർദ്ദേശിച്ചിരുന്നു. കോഓർഡിനേഷൻ കമ്മിറ്റിയുടെ 29.08.19-ലെ യോഗത്തിൽ ലൈഫ് മിഷൻ പ്രകാരം ഭൂമി വാങ്ങാൻ നിരക്ക് നിശ്ചയിച്ചു. ഇതനുസരിച്ച് പട്ടികജാതി വിഭാഗക്കാർക്ക് 3 സെന്റിൽ കുറയാത്ത ഭൂമി വാങ്ങുന്നതിന് 2.25 ലക്ഷം രൂപയാണ് നൽകാവുന്നത്. പുതിയ നിരക്ക് അറിയുന്നതിനും ഗുണഭോക്താവിനെ അറിയിക്കുന്നതിനും കാലതാമസം വന്നതിനാൽ അജയൻ ആല വട്ടകുറ്റിയിൽ, ദീപു ദിവാകരൻ കിഴക്കെ ഇടവെട്ടത്ത് എന്നീ ഗുണഭോക്താക്കൾ 3.75 ലക്ഷം രൂപ നിരക്കിൽ ഭൂമി വാങ്ങി പ്രമാണം രജിസ്റ്റർ ചെയ്തു. ഇവർക്ക് 3.75 ലക്ഷം രൂപ നിരക്കിൽ തുക നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** തൊട്ടടുത്ത രണ്ടു കോഓർഡിനേഷൻ കമ്മിറ്റിയിലാണ് നിരക്ക് നിശ്ചയിച്ചതും പുതുക്കി അന്തിമമാക്കിയതും എന്നതു പരിഗണിച്ച് പ്രത്യേക അനുമതി നൽകുന്നു. എന്നാൽ പഴയ നിരക്കായ 3.75 ലക്ഷം രൂപ നൽകുമ്പോൾ അതിനോടൊപ്പം ചേർത്തിരുന്ന നിബന്ധന പ്രകാരം 5 സെന്റ് വാങ്ങിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.82 പുന്നയൂർ ഗ്രാമപഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2020-ലെ കത്തും പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.08.2019-ലെ 1(1)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 138/20 CC 1054/19)**

*പ്രോ.നം. 168/20* *അടങ്കൽ -11,00,000/- രൂപ*
*(നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് - 6,00,000/- രൂപ*
*തനത് ഫണ്ട് - 5,00,000/- രൂപ )*

***പേര് - സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം***

പഞ്ചായത്തിൽ സ്വന്തമായി കെട്ടിടമുള്ള നാല് സർക്കാർ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂം നിർമ്മിച്ചു. ബാക്കി തുക ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട ക്ലാസ് റൂം നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** അനുമതി നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.83 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.20-ലെ കത്ത് (SRG 145/20 - CC/122/20)**

*പ്രോ.നം. 110/20* *അടങ്കൽ -14,00,000/- രൂപ*
*( വികസനഫണ്ട് - 6,00,000/- രൂപ*
*തനത് ഫണ്ട് - 2,00,000/- രൂപ*
*CSS(MGNREGS) - 6,00,000/- രൂപ)*

***പേര് - ഓട്ടിസം ബാധിച്ച കുട്ടികൾക്ക് മിയാമി പാർക്ക്***

കോട്ടയം മെഡിക്കൽ കോളേജിന്റെ കീഴിലുള്ള കുട്ടികളുടെ ആശുപത്രിയിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ പരിപാലനത്തിനായി ഓട്ടിസം സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികൾക്ക് പ്രകൃതിയുടെ വിവിധ ഭാവങ്ങൾ അനുഭവവേദ്യമാക്കുന്നതിന് ഒരു മിയാമി പാർക്ക് സ്ഥാപിക്കുന്നതിന് സഹായിക്കണമെന്ന് ആശുപത്രി സൂപ്രണ്ട് ബ്ലോക്ക് പഞ്ചായത്തിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച് .

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.84 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.20-ലെ കത്തും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.01.20-ലെ 2(4)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 146/20 - CC/121/20)**

*പ്രോ.നം. 69/20* *അടങ്കൽ -14,00,000/- രൂപ*

*( വികസനഫണ്ട് )*

***പേര് - മങ്ങാട്ടുകുഴി - പുത്തൻകരി തുമ്പേക്കണ്ടം പാടശേഖരം ആക്സിയൽ ഫ്ലോ പമ്പ്***

അയ്മനം പഞ്ചായത്തിൽ മങ്ങാട്ടുകുഴി പുത്തൻകരി, തുമ്പേക്കണ്ടം പാടശേഖരത്ത് ആക്സിയൽ ഫ്ലോ പമ്പ് സബ്മേഴ്സിബിൾ പമ്പ് നൽകാനുള്ള പ്രോജക്ടിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ ആവശ്യകത കൃഷി അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.85 ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.20-ലെ കത്തും ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 22.01.20-ലെ 2(4)-ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 147/20 - CC/120/20)**

*പ്രോ.നം. 62/20* *അടങ്കൽ -6,78,000/- രൂപ*

***പേര് - കുടമാളൂർ ഡിവിഷൻ മള്ളൂർ 50 HPമോട്ടോർ സ്ഥാപിക്കൽ***

അയ്മനം പഞ്ചായത്തിൽ മങ്ങാട്ടുകുഴി പുത്തൻകരി, തുമ്പേക്കണ്ടം പാടശേഖരത്ത് ആക്സിൽ ഫ്ലോ പമ്പ് , സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കണമെന്ന് പാടശേഖര സമിതികൾ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ ആവശ്യകത കൃഷി അസിസ്റ്റന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.86 വെളിയന്നൂർ ഗ്രാമപഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.20-ലെ കത്തും പഞ്ചായത്തിന്റെ 26.06.2019-ലെ 9(4) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 155/20 - CC/64/20)**

പഞ്ചായത്തിൽ 7-ാം വാർഡിൽ പൂവക്കുളം പ്രദേശത്ത് കുടുംബശ്രീയുടെ കെട്ടിടത്തിൽ 13.07.2018 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്നു. 20 കുട്ടികൾ ഉണ്ട്. ഈ സ്ഥാപനത്തിലേയ്ക്ക് ശ്രീ. വി.ആർ, ചന്ദ്രശേഖരൻ നായരുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കുടുംബം ഒരു മാരുതി ഒമ് നി കാർ നൽകി. ഇത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തു. ഇപ്രകാരം രജിസ്റ്റർ ചെയ്ത നടപടിക്ക് സാധൂകരണവും വാഹനം ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് ഉപയോഗിക്കാനും ഇതിന്റെ ആവർത്തന ചെലവ് പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കാനും അനുമതി സംബന്ധിച്ച് .

**തീരുമാനം :-** 1) പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാഹനം രജിസ്റ്റർ ചെയ്യുതിന് സാധൂകരണം നൽകുന്നു.
2) ബഡ്സ് സ്കൂളിനുവേണ്ടി വാഹനം ഉപയോഗിക്കാവുന്നതാണ്. ആവർത്തന ചെലവ് തനത് ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതാണ്. തനത് ഫണ്ട് ഇല്ലായെങ്കിൽ വികസനഫണ്ടിൽ നിന്ന് ഉപയോഗിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.87 തുത്താല ഗ്രാമപഞ്ചായത്ത്

**<u>പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.20-ലെ കത്തും തുത്താല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.09.2019-ലെ കത്തും (SRG 157/20 - CC/640/2019)</u>**

***പ്രോ.നം. 145/20*** ***അടങ്കൽ - 24,00,000/-രൂപ (തനത് ഫണ്ട്)***

***പേര് - എം.എൻ ലക്ഷം വീട്***

പഞ്ചായത്തിൽ കണ്ണന്നൂർ എന്ന സ്ഥലത്ത് എം.എൻ ലക്ഷം വീട് പദ്ധതിയിൽ പണികഴിപ്പിച്ച 20 വീടുകൾ ഉണ്ട്. ഇവ ജീർണ്ണാവസ്ഥയിൽ ആയതിനാൽ പുതുക്കി പണിയുന്നതിന് 2012-13-ൽ 24.00 ലക്ഷം രൂപ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് നൽകിയിരുന്നു. ഈ തുക ഇതുവരെ ചെലവഴിച്ചിട്ടില്ല. ഈ തുക ഉപയോഗിച്ച് 6 ഒറ്റ വീടുകൾ നിർമ്മിക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ലൈഫ് ഭവന പദ്ധതിയിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്നും ഒന്നും രണ്ടും ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടെന്നും അറിയിച്ചതനുസരിച്ച് പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.88 ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത്

**<u>തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.20-ലെ കത്തും ഇരിഞ്ഞാലക്കുട ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയുടെ 22.07.2019-ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 163/20 - CC/16/20)</u>**

***പ്രോ.നം. 101/20*** ***അടങ്കൽ - 1,44,880/-രൂപ (വികസന ഫണ്ട്)***

***പേര് - കുട്ടികൾക്ക് ചാലകശേഷി നിർണ്ണയ പദ്ധതിയും ഗെയിംസ് പരിശീലനവും***

കുട്ടികൾക്ക് ചാലകശേഷി നിർണ്ണയ പദ്ധതിയും ഗെയിംസ് പരിശീലനവും നൽകുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്പോർട്സ് കൗൺസിലിന്റെ

പരിശീലകരില്ല. ഇതിനായി ജില്ലാ സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ചതനുസരിച്ച് ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിലെ ഫിസിക്കൽ എജ്യൂക്കേഷൻ വിഭാഗവുമായി ബന്ധപ്പെട്ടു. നിശ്ചിത പ്രതിഫലത്തിന്റെ അടിസ്ഥാനത്തിൽ കേളേജ് അധികാരികൾ പരിശീലനം നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. എയ്ഡഡ് കോളേജ് ആയ ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിലെ കായിക വകുപ്പ് മുഖേന നിശ്ചിത പ്രതിഫലം നൽകി പരിശീലനം നൽകാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ക്രൈസ്റ്റ് കോളേജിലെ കായിക വകുപ്പിന്റെ സഹായം ഇതിനായി ഉപയോഗിക്കാൻ അനുമതി നൽകുന്നു. എന്നാൽ കോളേജിലെ പരിശീലകർ ഓണറേറിയം സ്വീകരിക്കാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങണം.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്**

## 4.89 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 01.02.20-ലെ കത്തും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 13.12.2019-ലെ 12(9)ാം നമ്പർ തീരുമാനവും (SRG 167/20 - CC/143/20)**

*പ്രോ.നം. 626/20*

*അടങ്കൽ - 1,01,72,450/-രൂപ*
*(വികസനഫണ്ട് - 10,00,000/-രൂപ*
*ബ്ലോക്ക് വിഹിതം 91,72,450/- രൂപ)*

***പേര് - ജലശ്രീ - സമ്പൂർണ്ണ ജല സുരക്ഷ പദ്ധതി***

ജലശ്രീ ജല സുരക്ഷ പദ്ധതി 2017-18-ൽ തുടങ്ങിയതാണ്. ഈ വർഷം ഇത് സ്പിൽ ഓവറായി തുടരുന്നു. ജില്ലാ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കിണറുകൾ റീ ചാർജ്ജു ചെയ്യുന്നുണ്ട്. നിലവിൽ കിണർ റീചാർജ്ജു ചെയ്യുന്നതിന് (പൊതു സ്ഥാപനങ്ങളുടെ ) പരന്ന മേൽക്കൂരയക്ക് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 24,500/- രൂപയുമാണ്. ചെലവ് വർദ്ധിച്ചതിനാൽ ഇത് യഥാക്രമം 26,000/- രൂപയും 32,800/- രൂപയുമായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടിരിക്കുന്നു. കൂടാതെ മഴവെള്ള സംഭരണ പ്രവൃത്തികളായ കുളം നവീകരണം, തടയണകൾ, വലിയ സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രികൾ, സർക്കാർ പൊതു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കിണർ റീ ചാർജ്ജിംഗ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചെയ്യാനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പരന്ന മേൽക്കൂരയ്ക്ക് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 24,500/- രൂപയും (നിലവിലെ നിരക്ക്) യഥാക്രമം 24,500/- രൂപയായും 26,000/- രൂപയും വർദ്ധിപ്പിക്കാവുന്നതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്ത പ്രകാരം അനുമതി നൽകുന്നു. മറ്റുള്ള പ്രവൃത്തികൾക്ക് ആവശ്യപ്പെട്ട പ്രകാരം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ചെയ്യാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.90 സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 13.02.2020-ലെ P4 - 3474/19/സാം.വ. നമ്പർ കത്ത് (SRG 225/20 )

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടേയും നൈപുണ്യം ശക്തിപ്പെടുത്തുക, അവർക്ക് വിപണന പ്രദർശന വേദികൾ ഒരുക്കുക, ദേശീയ അന്തർദേശീയ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, വിവിധ പദ്ധതികളുമായി ബന്ധിപ്പിച്ച് അവരുടെ സാമൂഹ്യ സാമ്പത്തിക പരാധീനതകൾ പരിഹരിക്കുക, ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക എന്നിവ ലക്ഷ്യം വച്ച് സാംസ്കാരിക വകുപ്പ് ' കലാകാരന്മാരുടെ ഉപജീവനം /ഗ്രാമീണ കലാകേന്ദ്രം' എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. 2000ത്തോളം കലാകരകൗശല വിദഗ്ധർ ഗുണഭോക്താക്കളായ പ്രസ്തുത പദ്ധതിയിൽ ഭൂരിഭാഗം പേരും സ്ത്രീകളാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പൈതൃക ഗ്രാമങ്ങൾക്കും കലാ-കരകൗശല വിദഗദ്ധർക്കും പ്രയോജനപ്രദമായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പരിഗണന നൽകണമെന്നതു സംബന്ധിച്ച്. 22 പൈതൃക ഗ്രാമങ്ങളാണ് സാംസ്കാരിക വകുപ്പ കണ്ടെത്തിയിട്ടുള്ളത്.

**തീരുമാനം :-** 22 പൈതൃക ഗ്രാമങ്ങളിലുള്ള കരകൗശല മേഖലകളെ പ്രോത്സാഹിപ്പിക്കുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

## 4.91 ആലപ്പുഴ ജില്ലാ പഞ്ചായത്ത്

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.20-ലെ കത്തും ജില്ലാ പഞ്ചായത്തിന്റെ 24.01.2020-ലെ VI(14) -ാം നമ്പർ ഭരണസമിതി തീരുമാനവും (SRG 192/20 CC 191/19)**

***പ്രോ.നം. 49/20*** ***അടങ്കൽ - 13,33,323/-രൂപ***
***(വികസനഫണ്ട് - 10,00,000/-രൂപ***
***ഗുണഭോക്തൃ വിഹിതം - 3,33,323/- രൂപ)***

***പേര് - പാടശേഖരങ്ങളുടെ തരിശ്ശ കിടക്കുന്ന പുറം ബണ്ടുകളിൽ തെങ്ങിൻതൈ വച്ചു പിടിപ്പിക്കൽ***

ജില്ലയിലെ പാടശേഖരങ്ങളുടെ തരിശ്ശ കിടക്കുന്ന പുറമ്പോക്കുകളിൽ തെങ്ങിൻതൈ വച്ചു പിടിപ്പിക്കാൻ ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. കുട്ടനാട്ടിലും അപ്പർകുട്ടനാട്ടിലും അടിക്കടിയുള്ള വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന മടവീഴ്ച തടയുന്നതിന് ഒരു പരിധിവരെ ഇതു സഹായകരമാകും. കൂടാതെ നാളികേര ഉല്പാദനം കൂടും. ഈ പ്രോജക്ട് നടപ്പാക്കാൻ പ്രത്യേക അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഗ്രാമപഞ്ചായത്തുകൾ തെരഞ്ഞെടുത്തു നൽകുന്ന തരിശു പ്രദേശങ്ങളിൽ ഇതു നടപ്പാക്കണമെന്ന നിബന്ധനയോടെ അനുമതി നൽകുന്നു. ഭാവിയിൽ ഇതിൽ നിന്നു ലഭിക്കുന്ന വരുമാനം എങ്ങനെ ഉപയോഗിക്കണമെന്നതു സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് തീരുമാനിക്കണം

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.92 കണ്ണൂർ ജില്ലാ പഞ്ചായത്ത്

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.02.20-ലെ കത്തും കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17.01.20-ലെ B7 - 4855/19-ാം നമ്പർ കത്തും (SRG 191/20 - CC/115/20)**

***പ്രോ.നം. 454/20*** ***അടങ്കൽ - 30,00,000/-രൂപ (TSP)***

***പേര് - ആറളം നവജീവൻ കോളനി മാതൃകാ ഗ്രാമം***

ആറളം പരിപ്പ് തോട് എന്ന സ്ഥലത്ത് 2006-07-ൽ 24 ഏക്കർ ഭൂമിയിൽ വീടും അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തി 24 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിച്ചിരുന്നു. ഓരോ വീടിനും 1.00 ലക്ഷം രൂപ ചെലവഴിച്ച് കോൺക്രീറ്റ് വീടാണ് നൽകിയത്. ഈ വീടുകൾക്ക് ചോർച്ചയുണ്ടാവുകയും വാസയോഗ്യമല്ലാത്ത സ്ഥിതിയുമാണ് നിലവിലുള്ളത്. 11 വീടുകളുടെ അറ്റകുറ്റപ്പണിക്കായി സർക്കാർ അനുമതിയോടെ 2017-18-ൽ പ്രോജക്ട് നടപ്പാക്കി. ഒരു വീടിന് 3.60 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ് . ഇനിയുള്ള 13 വീടുകളിൽ 8 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തിക്ക് 2019-20-ൽ തുക വകയിരുത്തിയിട്ടുണ്ട്. ഒരു അധികമുറി, ടോയിലറ്റ് എന്നിവ അധികമായി നിർമ്മിച്ചാണ് പുനരുദ്ധാരണം. ഒരു വീടിന് 3.75 ലക്ഷം രൂപയാകും എന്ന് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.93 പാലക്കാട് ജില്ലാ പഞ്ചായത്ത്

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 10.02.20-ലെ കത്തും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 07.02.20-ലെ P5 - 1279/18-ാം നമ്പർ കത്തും (SRG 186/20 - CC/193/20)**

***പ്രോ.നം. 798/20*** ***അടങ്കൽ - 10,00,000/-രൂപ (വികസന ഫണ്ട***

***പേര് - ഓട്ടോമാറ്റിക് കാലാവസ്ഥാ നിരീക്ഷണകേന്ദ്രം***

ഓട്ടോമാറ്റിക് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം സ്ഥാപിക്കാനുള്ള പ്രോജക്ട് ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടമായി ഭാരതപ്പുഴ നദീതടത്തിൽ 6 സ്ഥലങ്ങളിൽ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കാനാണ്

ഉദ്ദേശിക്കുന്നത്. പാലക്കാട് IRTC മുഖേന ഈ പ്രവൃത്തി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി തുക IRTCക്ക് കൈമാറി പ്രോജക്ട് നടപ്പാക്കാൻ അനുമതി സംബന്ധിച്ച് .

**തീരുമാനം :-** ഈ പ്രോജക്ട് നടപ്പാക്കേണ്ടതില്ലെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്**

## 4.94 തിരുവനന്തപുരം കോർപ്പറേഷൻ

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 20.02.2020 -ലെ E11/E10/83192/17-ാം നമ്പർ കത്ത്. ( SRG 232/20)**

*പ്രോ.നം. 1080/20* *അടങ്കൽ -4,85,00,000/--രൂപ (വികസന ഫണ്ട്)*

***പേര് - മേയേഴ്സ് ഭവൻ നിർമ്മാണം.***

തിരുവനന്തപുരം കോർപ്പറേഷനിൽ കുന്നുകുഴി വാർഡിലെ മേയേഴ്സ് ഭവൻ നിർമ്മാണം എന്ന പ്രോജക്ടിന് 4.85 കോടി വകയിരുത്തി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്തു. ഈ പ്രോജക്ട് വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിന് അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഈ വിഷയം 23.08.2017-ലെ കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കുകയും മറ്റ് കോർപ്പറേഷനുകളുടെ കൂടി പങ്കാളിത്തത്തോടെ 3.00 കോടി രൂപ ചെലവഴിക്കാൻ അനുമതി നൽകുകയും ചെയ്തിരുന്നു. 23.08.2017-ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിലെ മറ്റു നിബന്ധനകൾ പാലിച്ചുകൊണ്ട് അധികമായ തുക വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ തിരുവനന്തപുരം കോർപ്പറേഷന് അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**അനുബന്ധം**

1 ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി
2 പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
3 ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
4 ഡയറക്ടർ, നഗരകാര്യ വകുപ്പ് (പ്രതിനിധി)
5 ഗ്രാമവികസന കമ്മീഷണർ (പ്രതിനിധി)
6 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7 ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8 ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ട്മെന്റ്
9 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
10 ഡയറക്ടർ, എസ്.സി. ഡെവലപ്മെന്റ് (പ്രതിനിധി)
11 ഡയറക്ടർ, എസ്.റ്റി. ഡെവലപ്മെന്റ് (പ്രതിനിധി)
12 മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ് (പ്രതിനിധി)
13 ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
14 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
15 പ്രിൻസിപ്പൽ സെക്രട്ടറി ഫിനാൻസ് (പ്രതിനിധി)
16 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ് (പ്രതിനിധി)
17 ഡയറക്ടർ , സാമൂഹ്യക്ഷേമ വകുപ്പ്
18 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
19 ഡയറക്ടർ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ (പ്രതിനിധി)